2025JANUARY
14
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# കനത്ത നഷ്ടം നേരിട്ട് ഓഹരി വിപണി, നിക്ഷേപകർക്ക് നഷ്ടം 12 ലക്ഷം കോടി

**മുംബൈ:** കനത്ത നഷ്ടം നേരിട്ട് ഓഹരി വിപണി. ആയിരത്തിലേറെ പോയന്റ് നഷ്ടത്തിലാണ് സെൻസെക്സ് വ്യാപാരം അവസാനിപ്പിച്ചത്. യുഎസിലെ തൊഴിൽ മേഖല കരുത്തുകാട്ടിയതോടെ യുഎസ് ഫെഡ് നിരക്കിളവിന്റെ വേഗം കുറച്ചേക്കുമെന്ന വിലയിരുത്തലാണ് വിപണിക്ക് തിരിച്ചടിയായത്. രാജ്യത്തെ കോർപറേറ്റ് വരുമാനം മുൻ പാദത്തെ പോലെ ദുർബലമായേക്കാമെന്ന സൂചനയും വിപണിയുടെ കരുത്ത് ചോർത്തി.

സെൻസെക്സ് 1023 പോയന്റ് നഷ്ടത്തിൽ 76,356ലും നിഫ്റ്റി 344 പോയന്റ് താഴ്ന്ന് 23,087ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സെക്ടറൽ സൂചികകളെല്ലാം നഷ്ടത്തിലായി. റിയാൽറ്റി സൂചിക ആറ് ശതമാനം ഇടിവ് നേരിട്ടു. ഓയിൽ ആൻഡ് ഗ്യാസ്, പവർ, മെറ്റൽ, പിഎസ്‌യു തുടങ്ങിയവ 34 ശതമാനം താഴ്ന്നു. ബിഎസ്ഇ മിഡ്, സ്മോൾ ക്യാപ് സൂചികകളാകട്ടെ നാല് ശതമാനവും തകർച്ച നേരിട്ടു.

നിക്ഷേപകരുടെ സമ്പത്തിൽ തിങ്കളാഴ്ച മാത്രമുണ്ടായ നഷ്ടം 12.4 ലക്ഷം കോടി രൂപയാണ്. ബി.എസ്.ഇയിൽ ലിസ്റ്റ് ചെയ്ത ഓഹരികളുടെ




മൊത്തം വിപണി മൂല്യം 417.28 ലക്ഷം കോടിയായി.

വെള്ളിയാഴ്ച പുറത്തുവന്ന ഡിസംബറിലെ തൊഴിൽ റിപ്പോർട്ട് പ്രകാരം അപ്രതീക്ഷിത മുന്നേറ്റമാണ് യുഎസിലെ തൊഴിൽ മേഖലയിലുണ്ടായത്. ഇതേതുടർന്ന് 10 വർഷത്തെ യു.എസ് ട്രഷറി ആദായം 14 മാസത്തെ ഉയർന്ന നിലവാരത്തിലേയ്ക്ക് കുതിച്ചു. നിരക്ക് കുറയ്ക്കൽ പതുക്കെയാക്കാനുള്ള സാധ്യതയും ഇതോടെ കൂടി. ഇന്ത്യ പോലുള്ള വികസ്വര വിപണികളിലെ നിക്ഷേപം ആകർഷകമല്ലാതാകാൻ ഇതിടയാക്കി. പത്ത് വർഷത്തെ യു.എസ് ട്രഷറി ആദായം 4.73 ശതമാനമയാണ് ഉയർന്നത്. ഏപ്രിലിന് ശേഷമുള്ള ഉയർന്ന നിരക്കാണിത്. ജനുവരിയിൽ നിരക്ക് കുറയ്ക്കാനുള്ള നീക്കത്തിൽനിന്ന് ഫെഡ് പിന്മാറിയാൽ ഡോളർ കൂടുതൽ കരുത്താർജിക്കുകയും കടപ്പത്ര ആദായം ഇനിയും ഉയരുകയും ചെയ്യും.

വിദേശ പോർട്ട്ഫോളിയോ നിക്ഷേപകരുടെ പിന്മാറ്റം തുടരുന്നതും അതിന്റെ പ്രതിഫലനമായി കാണാം. വെള്ളിയാഴ്ചയിലെ കണക്കുപ്രകാരം 22,259 കോടി രൂപയുടെ ഓഹരികളാണ് അവർ വിറ്റൊഴിഞ്ഞത്.

## പൊഖ്റാനിൽ നാഗ് മാർക്ക് 2 പരീക്ഷിച്ച് ഇന്ത്യ; മിസൈൽ ദൗത്യം വിജയകരം

**ജയ്പൂർ:** ഇന്ത്യയുടെ നാഗ് മാർക്ക് 2 ആന്റി ടാങ്ക് ഗൈഡഡ് മിസൈൽ പരീക്ഷണം വിജയകരം. പൊഖ്റാൻ ഫയറിങ് റേഞ്ചിലായിരുന്നു പരീക്ഷണം നടന്നത്. ഡിആർഡിഒയാണ് മിസൈൽ വികസിപ്പിച്ചത്. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച മൂന്നാം തലമുറ മിസൈലാണിത്.



മൂന്ന് ഫീൽഡ് ട്രയലുകളാണ് ഇതിനോടകം വിജയകരമായി പൂർത്തികരിച്ചത്. മൂന്ന് ട്രയലുകളിലും മിസൈൽ ലക്ഷ്യം ഭേദിച്ചതായി ഡിആർഡിഒ അധികൃതർ അറിയിച്ചു. ഇതോടെ മിസൈൽ സംവിധാനം ഉടൻ സൈന്യത്തിന്റെ ഭാഗമാകും.

## ജസ്റ്റിസ് വിനോദ് ചന്ദ്രൻ സുപ്രീം കോടതി ജഡ്ജി



**ന്യൂഡൽഹി:** പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസും മലയാളിയുമായ ജസ്റ്റിസ് കെ. വിനോദ് ചന്ദ്രനെ സുപ്രീം കോടതി ജഡ്ജിയായി നിയമിച്ചു. സുപ്രീം കോടതി കൊളീജിയം ശുപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ചതിനു പിന്നാലെ രാഷ്ട്രപതി ഉത്തരവിൽ ഒപ്പുവച്ചു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ കൊളീജിയമാണ് ജസ്റ്റിസ് വിനോദ് ചന്ദ്രനെ സുപ്രീം കോടതിയിലേക്ക് ശുപാർശ ചെയ്തത്. സുപ്രീംകോടതി ജഡ്ജിമാരിൽ കേരളത്തിൽനിന്നുള്ളവർ ഇല്ലാത്ത സാഹചര്യം കൊളീജിയം പരിഗണിച്ചു. മലയാളിയായ ജഡ്ജി സി.ടി.രവികുമാർ കഴിഞ്ഞയാഴ്ച വിരമിച്ചിരുന്നു. വിനോദ് ചന്ദ്രൻ 2011 മുതൽ 2023വരെ കേരള ഹൈക്കോടതിയിൽ ജഡ്ജിയായിരുന്നു. 2023ൽ പട്ന ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായി. നോർത്ത് പറവൂർ സ്വദേശിയാണ് ജസ്റ്റിസ് വിനോദ് ചന്ദ്രൻ.

## അന്താരാഷ്ട്ര നിക്ഷേപക സംഗമം: യുഎഇ പ്രത്യേക സംഘത്തെ അയക്കും



**അബുദാബി:** സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമ (ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്) ത്തിൽ പങ്കെടുക്കുന്നതിന് യുഎഇ പ്രത്യേക സംഘത്തെ അയക്കും. സംഗമത്തിൽ പങ്കെടുക്കുന്നതിനുള്ള ക്ഷണം യുഎഇ സ്വീകരിച്ചു. യു എഇ നിക്ഷേപ വകുപ്പ് മന്ത്രി മുഹമ്മദ് ഹസൻ അൽ സുവൈദി, വ്യവസായ മന്ത്രി പി.രാജീവുമായി അബുദാബിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം അറിയിച്ചത്. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയും വ്യവസായ വകുപ്പിലെ ഉന്നതോദ്യോഗസ്ഥരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. നിക്ഷേപക സംഗമത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റർ മീറ്റിനും റോഡ് ഷോയ്ക്കും ദുബായിൽ തുടക്കമായി.

കേരളത്തിൽ ലോജിസ്റ്റിക്സ്, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ കൂടുതൽ നിക്ഷേപത്തിന് താൽപര്യമുള്ളതായി യുഎഇ നിക്ഷേപ മന്ത്രി മുഹമ്മദ് ഹസൻ അൽ സുവൈദി പറഞ്ഞു. ഐ.കെ.ജി.എസിൽ പങ്കെടുക്കുന്ന പ്രത്യേക സംഘം ഇക്കാര്യങ്ങൾ വിലയിരുത്തും. അബുദാബി ചേംബർ ഓഫ് കോമേഴ്സും നിക്ഷേപക സംഗമത്തിന് പ്രത്യേക സംഘത്തെ അയക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവിനെ അറിയിച്ചു. ഐ.കെ.ജി.എസിന് മുൻപ് പ്രാഥമിക പരിശോധനകൾക്കായി ചേംബറിന്റെ ഉദ്യോഗസ്ഥ സംഘത്തെ കേരളത്തിലേക്ക് അയക്കും.

ലഭ്യമായ സ്ഥലങ്ങൾ പരിശോധിക്കുന്നതിനും നിക്ഷേപ മേഖലകൾ വിലയിരുത്തുന്നതിനുമാണ് ഉദ്യോഗസ്ഥ സംഘത്തെ അയക്കുന്നത്. ചേംബർ ഓഫ് കോമേഴ്സ് ചെയർമാനും ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ഡവലപ്മെന്റ് തലവനുമായ അഹമ്മദ് ജാസിം, ഫസ്റ്റ് വൈസ് ചെയർമാൻ ഡോ. സഊദ് ബിൻ ഹർമാൽ അൽ ദഹേരി, സെക്കന്റ് വൈസ് ചെയർമാൻ ഡോ. ഷാമിസ് അലി ഖൽഫാൻ അൽ ദഹേരി എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

രണ്ടു ദിവസത്തെ ദുബായ് ഇൻവെസ്റ്റർ മീറ്റിലും റോഡ് ഷോയിലുമായി പ്രമുഖ വ്യവസായികൾ, വാണിജ്യ സംഘടനാ ഭാരവാഹികൾ എന്നിവരുമായി കൂടിക്കാഴ്ചയും ചർച്ചകളും നടക്കും.



# തലയോട്ടി തുറക്കാതെ ബ്രെയിൻ എവിഎം രോഗത്തിന് നൂതന ചികിത്സ

**രാജ്യത്ത് വളരെ കുറച്ച് ആശുപത്രികളിലുള്ള ചികിത്സ കോഴിക്കോട് മെഡിക്കൽ കോളേജിലും**



**കോഴിക്കോട്:** യുവാക്കളിൽ തലച്ചോറിൽ രക്തസ്രാവം ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നായ ബ്രെയിൻ എവിഎം (ആർട്ടീരിയോ വീനസ് മാൽഫോർമേഷൻ) രോഗത്തിനുള്ള പുതിയ ചികിത്സാ രീതി കോഴിക്കോട് മെഡിക്കൽ കോളേജിൽ വിജയം. മലപ്പുറം സ്വദേശിയായ 25 വയസുകാരനാണ് ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗത്തിന് കീഴിൽ ട്രാൻസ് വീനസ് റൂട്ട് എമ്പോളൈസേഷൻ എന്ന ചികിത്സ നടത്തിയത്. സംസാരശേഷി നഷ്ടപ്പെട്ട് ഒരു വശം തളർന്നാണ് രോഗിയെ എത്തിച്ചത്. ചികിത്സയ്ക്ക് ശേഷം ആരോഗ്യനില മെച്ചപ്പെട്ട രോഗിയെ ഡിസ്ചാർജ് ചെയ്തു. രാജ്യത്ത് വളരെ കുറച്ച് ആശുപത്രികളിൽ മാത്രമേ ഈ രീതിയിൽ ചികിത്സ വിജയകരമായി നടത്തിയിട്ടുള്ളൂ. വിജയകരമായി നൂതന ചികിത്സ നടത്തിയ കോഴിക്കോട് മെഡിക്കൽ കോളേജിലെ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

രക്താതിമർദം മൂലമോ പരുക്ക് മൂലമോ കാരണമല്ലാതെ തലച്ചോറിൽ രക്തസ്രാവമുണ്ടാക്കുന്ന ഒരു അസുഖമാണ് ബ്രെയിൻ എവിഎം. രക്തക്കുഴലുകൾ ജന്മനാ കെട്ടുപിണഞ്ഞു കിടക്കുന്ന ഈ അവസ്ഥയ്ക്ക് തലയോട്ടി തുറന്നുള്ള സങ്കീർണ ശസ്ത്രക്രിയയാണ് ചികിത്സ. തലയൊട്ടി തുറക്കാതെ കാലിലെ രക്തക്കുഴൽ വഴി നടത്തുന്ന പിൻ ഹോൾ ചികിത്സയായ എമ്പോളൈസേഷൻ സാധാരണ രീതിയിൽ ട്രാൻസ് ആർടീരിയൽ റൂട്ട് വഴിയാണ് നടത്തുന്നത്. തലച്ചോറിലേക്ക് രക്തമെത്തിക്കുന്ന ധമനികളിലൂടെ കത്തീറ്റർ കടത്തി വിട്ടതിന് ശേഷം അമിത രക്തസ്രാവം തടയുന്നു. എന്നാൽ ട്രാൻസ് വീനസ് റൂട്ട് വഴി ചികിത്സിക്കുമ്പോൾ തലച്ചോറിൽ നിന്ന് തിരികെ രക്തം ഒഴുകി വരുന്ന സിരകളിലൂടെ (വെയിൻ) കത്തീറ്റർ കടത്തി വിട്ടാണ് ചികിത്സിക്കുന്നത്. ധമനികളിലൂടെ നടത്തുന്ന ചികിത്സയുടെ കൂടെ ട്രാൻസ് വീനസ് റൂട്ട് ചികിത്സ കൂടി കടന്നു വന്നതോടെ 95 ശതമാനം എവിഎം കേസുകളിലും തലയോട്ടി തുറക്കാതെയുള്ള എമ്പോളൈസേഷൻ ചികിത്സയിലൂടെ സുഖപ്പെടുത്താനാകും.

പ്രിൻസിപ്പൽ ഡോ. സജീത് കുമാർ, ആശുപത്രി സൂപ്രണ്ട് ഡോ. ശ്രീജയൻ, അനസ്തീഷ്യാ വിഭാഗം മേധാവി ഡോ. രാധ, റേഡിയോളജി വിഭാഗം മേധാവി ഡോ. ദേവരാജൻ, ന്യൂറോസർജറി വിഭാഗം മേധാവി ഡോ. ഷാജു മാത്യു എന്നിവരുടെ മേൽനോട്ടത്തിൽ ഇന്റർവെൻഷണൽ റേഡിയോളജിസ്റ് ഡോ. രാഹുൽ, അനെസ്തെറ്റിസ്റ്റുമാരായ ഡോ. ആന്റോ, ഡോ. അതുൽ എന്നിവർ ചേർന്നാണ് ചികിത്സ നടത്തിയത്.

# ഡയറക്ട് സെല്ലിംഗ് നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കർശന നടപടി മന്ത്രി

**കൊച്ചി:** ഡയറക്ട് സെല്ലിംഗിൻറെ മറവിൽ മണിചെയിൻ, പിരമിഡ് സ്കീം തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ അനിൽ. ഡയറക്ട് സെല്ലിംഗ്, മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും പരാതികൾ സ്വീകരിക്കുന്നതിനും പ്രത്യേക നിരീക്ഷണസംവിധാനത്തിന് രൂപം കൊടുത്ത ചുരുക്കം സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്നും മന്ത്രി പറഞ്ഞു.

ദേശീയ ഉപഭോക്തൃ ദിനാഘോഷത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം ആലുവയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ഡയറക്ട് സെല്ലിംഗ് കമ്പനികൾ ഈ നിരീക്ഷണ സംവിധാനത്തിൽ എൻ റോൾ ചെയ്യണമെന്നും, ഈ വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നുമാണ് വ്യവസ്ഥ. ഇതു വഴി രജിസ്റ്റർ ചെയ്ത കമ്പനികളെ തിരിച്ചറിയാനും പരാതികൾ സമർപ്പിക്കാനും ഉപഭോക്താക്കൾക്ക് കഴിയും മന്ത്രി ചൂണ്ടിക്കാട്ടി.

ഉപഭോക്തൃ തർക്ക പരിഹാരത്തിനായി ആരംഭിച്ച മീഡിയേഷ9 സെല്ലുകൾ മുഖേന ഇതിനകം 854 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ നിലവിൽ 305 കൺസ്യൂമർ ക്ലബ്ബുകളാണുള്ളത്. ഇവയുടെ എണ്ണം ആയിരമാക്കുകയാണ് ലക്ഷ്യം.

അവകാശങ്ങളെ കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും 2019ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന് കഴിഞ്ഞിട്ടുണ്ട്. ഉപഭോക്താക്കൾക്ക് നീതി കൃത്യമായി ലഭ്യമാക്കാൻ ഈ രംഗത്തെ കമ്മീഷനുകൾക്ക് കഴിയണം.

ഉപഭോക്താക്കളുടെ അവകാശ സംരക്ഷണത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്ന സംസ്ഥാനമാണ് കേരളമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ഉപഭോക്താക്കൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കുന്നതിനുള്ള ഇ ദാഖിൽ പ്ലാറ്റ്ഫോം, തർക്ക പരിഹാര കമ്മീഷനുകളിലെ കേസുകൾ നിരീക്ഷിക്കുന്നതിനുള്ള ഏകജാലക സംവിധാനം, കമ്മീഷനുകളുടെ ഡിജിറ്റൽവൽക്കരണവും നെറ്റ് വർക്കിംഗും സാധ്യമാക്കുന്ന കൺഫോനെറ്റ് എന്നിവ ഇതിനകം നിലവിൽ വന്നിട്ടുണ്ട്.

ഡിജിറ്റൽ സാങ്കേതികവിദ്യ വ്യാപകമാക്കുന്നതിനൊപ്പം ഉപഭോക്താക്കളുടെ സ്വകാര്യത, ഡാറ്റ സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിലും സർക്കാ!ർ ഏറെ മുന്നോട്ടു പോയിട്ടുണ്ട്. കെ ഫോൺ അടക്കം നിരവധി പദ്ധതികളാണ് ഡിജിറ്റൽ വിഭജനം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്നത്.

അൻവർ സാദത്ത് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. നഗരസഭ ചെയർമാൻ എം.ഒ. ജോൺ, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുകുന്ദ് ഠാക്കൂർ, ലീഗൽ മെട്രോളജി കൺട്രോളർ വി.കെ. അബ്ദുൾ ഖാദർ, ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി.ബി.ബിനു, തുടങ്ങിയവർ പങ്കെടുത്തു.

ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ അംഗങ്ങളായ വൈക്കം രാമചന്ദ്രൻ, ടി.എൻ മുനിസിപ്പൽ കൗൺസിലർ മിനി ബൈജു, ഐപ്പ് ജോസഫ്, ഷൈൻ കളത്തിൽ, രാജു തെക്കൻ തുടങ്ങിയവർ പങ്കെടുത്തു.സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗം കെ ആർ രാധാകൃഷ്ണൻ ഉപഭോക്തൃ ദിന സന്ദേശം നൽകി.

ഉപഭോക്തൃ കേരളം മാസികയുടെ പ്രകാശനം കവി വേണു.വി.ദേശത്തിന് ആദ്യപ്രതി നൽകി മന്ത്രി ജി.ആർ അനിൽ നി!ർവഹിച്ചു.

രാജീവ് ഗാന്ധി ഉപഭോക്തൃ സംരക്ഷണ പുരസ്കാരം, സ്കൂൾ കൺസ്യൂമർ ക്ലബുകൾക്കുള്ള ധനസഹായ വിതരണം, ഉപഭോക്തൃ സംഘടനകൾക്കുള്ള ധനസഹായ വിതരണം, ഗ്രീൻ കൺസ്യൂമർ ഡേ പ്രോഗ്രാമിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം എന്നിവയും മന്ത്രി നിർവഹിച്ചു.

എറണാകുളം ജില്ലാ ഉപഭോക്തൃ കമ്മീഷന് ഹരിത സ്ഥാപന സർട്ടിഫിക്കറ്റും കൊച്ചിൻ കോളേജിന് ഹരിത കലാലയ സർട്ടിഫിക്കറ്റും മന്ത്രി സമ്മാനിച്ചു. ഉപഭോക്തൃ കമ്മീഷനുകളിൽ നിന്നും അനുകൂല ഉത്തരവുകൾ നേടിയ ഉപഭോക്താക്കളെ ചടങ്ങിൽ ആദരിച്ചു.

പൗരാവകാശ രേഖ നഗരസഭ ചെയർമാൻ എം.ഒ ജോൺ മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി.



അയ്യപ്പൻ കോവിൽ മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് എറണാകുളം പരമാര ദേവിക്ഷേത്രത്തിൽ നിന്നും ആരംഭിച്ച തെക്കുംഭാഗം പൂരം ഘോഷയാത്ര



## പൂർവ്വവിദ്യാർഥി സംഗമം നടത്തി

**മൂവാറ്റുപുഴ:** നിർമലാകോളേജിൽ പൂർവ്വ വിദ്യാർഥി മഹാസംഗമം സംഘടിപ്പിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ സംഗമം പൂർവ്വവിദ്യാർഥിയും പെരുമ്പാവൂർ എം എൽ എയുമായ എൽദോസ് പി കുന്നപ്പിള്ളി ഉൽഘാടനം ചെയ്തു. ചടങ്ങിൽ പഠനം പൂർത്തിയാക്കി 50 വർഷം പിന്നിടുന്ന 1975 ബാച്ചിലെ അംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു. അലുംനി അസോസിയേഷൻ പ്രസിഡന്റ് തോമസ് മാത്യു പാറക്കൽ അധ്യക്ഷത വഹിച്ചു. 250 പൂർവ്വ വിദ്യാർഥികൾ സംഗമത്തിൽ പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ ജസ്റ്റിൻ കെ കുര്യാക്കോസ്, ബർസാർ ഫാ പോൾ കളത്തൂർ, ഓട്ടോണോമസ് ഡയറക്ടർ ഡോ. തോമസ് കെ വി, വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഇമ്മാനുവൽ എ ജെ, അലുംനി അസോസിയേഷൻ വൈസ് പ്രസിഡന്റ് അഡ്വ. ടോമി കളമ്പാട്ടുപറമ്പിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് കോളേജിലെ വിദ്യാർഥികൾ ഒരുക്കിയ കലാ പരിപാടികളും അരങ്ങേറി.

## ടെക്നോപാർക്കിൽ ഗ്രേഡ്എ ഐടി ഓഫീസ് സ്പെയ്സ് വികസിപ്പിക്കാൻ ധാരണാപത്രം ഒപ്പിട്ടു

**തിരുവനന്തപുരം:** ടെക്നോപാർക്ക് ഫേസ് 1 കാമ്പസിൽ ഗ്രേഡ് എ ഐടി ഓഫീസ് സ്പെയ്സും ഫൈവ് സ്റ്റാർ ബിസിനസ് ഹോട്ടലും വികസിപ്പിക്കുന്നതിനായി ബ്രിഗേഡ് എന്റർപ്രൈസസ് ലിമിറ്റഡിന്റെയും ടെക്നോപാർക്കിന്റെയും പ്രതിനിധികൾ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് ധാരണാപത്രം ഒപ്പിട്ടു.

പദ്ധതിക്കായി 4.85 ഏക്കർ സ്ഥലത്ത് ഏകദേശം 400 കോടി രൂപ നിക്ഷേപിക്കും. 1 ദശലക്ഷം ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള ഐടി ഓഫീസ് വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം.

ബഹുരാഷ്ട്ര ഐടി കമ്പനികളെ തിരുവനന്തപുരത്തേക്ക് കൊണ്ടുവരാനും പതിനായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി വഴി ലക്ഷ്യമിടുന്നു.

## വയനാട് മെഡിക്കൽ കോളേജ് ഇന്റർവ്യൂ 24ന്

**ബത്തേരി:** വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ (ജനറൽ മെഡിസിൻ, ഒ.ബി.ജി, റേഡിയോ ഡയഗ്നോസിസ്, ഒഫ്താൽമോളജി, ജനറൽ സർജറി, സൈക്യാട്രി, എമർജൻസി മെഡിസിൻ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, കാർഡിയോളജി) സീനിയർ റസിഡന്റ് തസ്തികകളിൽ കരാർ നിയമനത്തിന് ഇന്റർവ്യൂ നടത്തും.

പ്രതിമാസം 73,500 രൂപ ഏകീകൃത ശമ്പളത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. എം.ബി.ബി.എസ് ബിരുദവും എം.ഡി/ എം.എസ്/ ഡി.എൻ.ബി/ ഡി.എം ഒപ്പം ടി.സി.എം.സി/ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് പങ്കെടുക്കാം. താത്പര്യമുള്ള ഉദ്യോഗാർഥികൾക്ക് യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ജനുവരി 24ന് രാവിലെ 11 ന് കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

## ഫലം പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈൻസൻസിങ് ബോർഡ് നടത്തിയ ഇലക്ട്രിക്കൽ സൂപ്പർവൈസർ ഗ്രേഡ് ബി എഴുത്തു പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഫലം വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും www.dei.kerala.gov.in ലും ലഭ്യമാണ്. പുനഃമൂല്യനിർണയത്തിന് അപേക്ഷിക്കുന്നവർ 15 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണം.

## ശുചിത്വമിഷനിൽ റിസോഴ്സ് പേഴ്സൺ, മീഡിയ ഇന്റേൺ ഒഴിവുകൾ

**ആലപ്പുഴ:** ശുചിത്വമിഷൻ ആലപ്പുഴ ജില്ലാ ഓഫീസിലേക്ക് റിസോഴ്സ് പേഴ്സൺമാർ, മീഡിയ ഇന്റേൺ എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു.

റിസോഴ്സ് പേഴ്സൺ അപേക്ഷകർ ഗ്രാമ/നഗര തലങ്ങളിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരും ബിരുദധാരികളും ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ പ്രവൃത്തി പരിചയം ഉള്ളവരും വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്ത് പരിചയമുള്ളവരും കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരും ആയിരക്കണം.

മീഡിയ ഇന്റേൺ അപേക്ഷകർ ബിരുദവും ജേർണലിസത്തിലോ മാസ്സ് കമ്മ്യൂണിക്കേഷനിലോ പബ്ലിക് റിലേഷൻസിലോ ഡിപ്ലോമ യോഗ്യതയുളളരും ഷോർട്ട് വീഡിയോ തയ്യാറാക്കി പരിചയമുളളവരും ആയിരിക്കണം. താല്പര്യമുള്ളവർ ജനുവരി 17ന് കളക്ട്രേറ്റിലെ ദേശീയ സമ്പാദ്യഭവൻ ഹാളിൽ നടക്കുന്ന അഭിമുഖത്തിൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് പങ്കെടുക്കണം.

### ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** അമ്പലമുകൾ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ സ്കിൽ ഡവലപ്മെന്റ് സെന്ററിൽ ആരംഭിക്കുന്ന മൊബൈൽ ഫോൺ ഹാർഡ് വെയർ റിപ്പയർ ടെക്നീഷ്യൻ കോഴ്സിന്റെ ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 13. ടെൻഡർ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അറിയാം. ഫോൺ 6282631410 ഇമെയിൽ :ഴ്വമൈൊയമഹ മൗഴമഹ@ഴാമശഹ.രീാ.

### ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** ആലങ്ങാട് ഐ.സി.ഡി.എസ് പ്രോജക്ടിൽ ഉൾപ്പെട്ട ഏലൂർ മുനിസിപ്പാലിറ്റിയിലെ 92 ാം നമ്പർ അങ്കണവാടി 202425 ലെ അങ്കണവാടി കം ക്രഷ് പദ്ധതി പ്രകാരം നവീകരണം നടത്തുന്നതിന്റെ ഭാഗമായി പ്രീ സ്കൂൾ കളി ഉപകരണങ്ങൾ, ഫർണിച്ചറുകൾ, പാത്രങ്ങൾ, സ്റ്റോറേജ് സ്റ്റാൻഡ്, ക്ലീനിംഗ് ഐറ്റംസ്, മറ്റിനങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികൾ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 17ന് ഉച്ചയ്ക്ക് രണ്ടു വരെ സ്വീകരിക്കും. ഫോൺ: 9188959719.

**കൊച്ചി:** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ കാര്യാലയം ഒന്നിലേക്കു നാലു മാസത്തേക്കു കരാർ അടിസ്ഥാനത്തിൽ 1500 സിസിയിൽ താഴെയുള്ള എ.സി യൂട്ടിലിറ്റി വാഹനങ്ങളുടെ (എൽഎംവി അഞ്ച് സീറ്റ് കാർ) ക്വട്ടേഷൻ ക്ഷണിച്ചു. അവസാന തീയതി. ജനുവരി 22. കൂടുതൽ വിവരങ്ങൾക്കായി www.kspcb.kerala.gov.in വെബ്സൈറ്റ് പരിശോധിക്കുക. ഫോൺ: 04842207783.

### സ്പോർട്സ് സ്കൂൾ സെലക്ഷൻ

**തിരുവനന്തപുരം:** ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശൂർ സ്പോർട്സ് ഡിവിഷൻ, സ്പോർട്സ് കൗൺലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്കൂൾ സ്പോർട്സ് അക്കാഡമികളിലേക്കുമുള്ള ആദ്യഘട്ട സെലക്ഷൻ ജനുവരി 18 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. 6, 7, 8, പ്ലസ് വൺ ക്ലാസുകളിലേക്ക് നേരിട്ടും, 9, 10 ക്ലാസുകളിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് ലാറ്ററൽ എൻട്രിയിലൂടെയും ആണ് സെലക്ഷൻ.

അത്‌ലറ്റിക്സ്, ബാസ്കറ്റ്ബാൾ, ബോക്സിങ്, ഹോക്കി, ജൂഡോ, വോളിബോൾ, റെസ്ലിങ് എന്നിവയിൽ ആൺകുട്ടികൾക്കും ഫുട്ബോളിലും തയ്ക്കോണ്ടോയിലും പെൺകുട്ടികൾക്ക് മാത്രവുമാണ് സെലക്ഷൻ. ഫുട്ബോൾ ആൺകുട്ടികളുടെ സെലക്ഷൻ പിന്നീട് നടത്തും. 6, 7 ക്ലാസുകളിലേക്കുള്ള സെലക്ഷൻ കായികക്ഷമതാ ടെസ്റ്റിന്റെ അടിസ്ഥാനത്തിലും 8, പ്ലസ് വൺ ക്ലാസുകളിലേക്കുള്ള സെലക്ഷൻ കായിക ക്ഷമതയുടെയും അതത് കായിക ഇനത്തിലെ മികവിന്റെയും അടിസ്ഥാനത്തിലുമാണ്. 9, 10 ക്ലാസുകളിലേക്കുള്ള ലാറ്ററൽ എൻട്രിക്ക് സംസ്ഥാന തലത്തിൽ മെഡൽ കരസ്ഥമാക്കിയവരോ തത്തുല്യ പ്രകടനം കാഴ്ചവെച്ചവരോ ആയിരിക്കണം.

ജനുവരി 18ന് തലശേരി മുനിസിപ്പൽ സ്റ്റേഡിയം, 19ന് നീലേശ്വരം ഇഎംഎസ് സ്റ്റേഡിയം, 21ന് കൽപ്പറ്റ എസ്.കെ.എം.ജെ എച്ച്എസ്എസ് സ്റ്റേഡിയം, 22ന് തേഞ്ഞിപ്പാലം കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം, 23ന് പാലക്കാട് മുൻസിപ്പൽ സ്റ്റേഡിയം, 24ന് തൃശൂർ ജിവിഎച്ച്എസ്എസ് കുന്നംകുളം, 25ന് ആലുവ യു.സി കോളജ് ഗ്രൗണ്ട്, 28ന് ആലപ്പുഴ കലവൂർ ഗോപിനാഥ് സ്റ്റേഡിയം, 30ന് ഇടുക്കി നെടുങ്കണ്ടം മുനിസിപ്പൽ സ്റ്റേഡിയം, 31ന് പാലാ മുൻസിപ്പൽ സ്റ്റേഡിയം, ഫെബ്രുവരി 1ന് പത്തനംതിട്ട കൊടുമൺ സ്റ്റേഡിയം, 2ന് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, 3ന് തിരുവനന്തപുരം മൈലം ജിവി രാജ സ്പോർട്സ് സ്കൂൾ.സെലക്ഷനിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആധാർ കാർഡ്, രണ്ട് പാസ്പോർട്ട് ഫോട്ടോ, സ്പോർട്സ് ഡ്രസ് സഹിതം അതത് ദിവസം രാവിലെ 9ന് എത്തണം. വിദ്യാർഥികൾക്ക് അവരുടെ സൗകര്യമനുസരിച്ച് ഏതെങ്കിലും സെന്ററിൽ സെലക്ഷന് പങ്കെടുക്കാം.

### തമിഴ് അപ്രിന്റീസ് ട്രെയിനി

**തിരുവനന്തപുരം:** സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ തമിഴ് അപ്രിന്റീസ് ട്രെയിനിയെ ആറ് മാസത്തേക്ക് നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ആറായിരം രൂപയാണ് പ്രതിമാസ സ്റ്റൈപ്പന്റ്. എസ്.എസ്.എൽ.സിയും സി.എൽ.ഐ.എസ്.സിയോ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഡിഗ്രിയോ വേണം. തമിഴ് ഒരു വിഷയമായി പഠിക്കുകയോ തമിഴിൽ പഠനം നടത്തുകയോ ചെയ്തിരിക്കണം. ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാർ എന്നീ രേഖകൾ സഹിതം 16ന് രാവിലെ 11.30ന് സ്റ്റേറ്റ് ലൈബ്രേറിയൻ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം.

## ഇന്ന് മകരവിളക്ക്

# തിങ്ങിനിറഞ്ഞ് ശബരിമല; സുരക്ഷാ ക്രമീകരണങ്ങൾ ശക്തം




**ശബരിമല:** ശബരിമലയിൽ ഇന്ന് മകരവിളക്ക്. വൈകുന്നേരം തിരുവാഭരണം ചാർത്തി നടക്കുന്ന മഹാദീപാരാധനയ്ക്കൊപ്പം പൊന്നമ്പലമേട്ടിൽ തെളിയുന്ന ജ്യോതിയുടെ പുണ്യം നുകരാനായി ഭക്തസഹസ്രങ്ങൾ ഇപ്പോൾത്തന്നെ ശബരിമലയിൽ തമ്പടിച്ചിരിക്കുകയാണ്. ജ്യോതിദർശനം സാധ്യമായ ഇടങ്ങളിലെല്ലാം ഭക്തർ പർണശാലകൾ കെട്ടി കാത്തിരിക്കുകയാണ്.

കർശന നിയന്ത്രണങ്ങളോടെയാണ് ഇത്തവണ ഭക്തരുടെ യാത്ര ക്രമീകരിച്ചിരിക്കുന്നത്.

അപകടങ്ങൾ ഒഴിവാക്കി യാത്ര സുഗമമാക്കുന്നതിലേക്കുള്ള ക്രമീകരണങ്ങൾ വിവിധ വകുപ്പുകളുടെ ചുമതലയിൽ നടപ്പാക്കിയിരിക്കുകയാണ്. മകരജ്യോതി ദർശനത്തിന് എത്തുന്ന ഭക്തർ പോലീസ് ഏർപ്പെടുത്തിയ ക്രമീകരണങ്ങളും മാർഗനിർദേശങ്ങളും പാലിക്കണമെന്ന് സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ വി. അജിത് അറിയിച്ചു.

വെർച്വൽ ക്യൂ, സ്പോട്ട് ബുക്കിംഗ് ഉള്ളവരെ മാത്രമേ ഇന്നും നാളെയും നിലയ്ക്കലിൽനിന്ന് പമ്പയിലേക്ക് കടത്തിവിടുകയുള്ളൂ. ഇന്നു രാവിലെ 7.30 മുതൽ നിലയ്ക്കലിൽ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. രാവിലെ പത്തുവരെ മാത്രമേ നിലയ്ക്കലിൽനിന്ന് പമ്പയിലേക്ക് വാഹനങ്ങൾ കടത്തിവിടുകയുള്ളൂ.

ഉച്ചയ്ക്ക് 12 വരെ മാത്രമേ പമ്പയിൽനിന്ന് ഭക്തരെ സന്നിധാനത്തേക്ക് കടത്തിവിടുകയുള്ളൂ. വൈകുന്നേരം തിരുവാഭരണം ശരംകുത്തിയിൽ എത്തിയശേഷം മാത്രമേ പിന്നീട് ഭക്തരെ പമ്പയിൽനിന്ന് സന്നിധാനത്തേക്ക് കടത്തിവിടുകയുള്ളൂ.

സ്റ്റൗ, വലിയ പാത്രങ്ങൾ ഗ്യാസ് കുറ്റി എന്നിവയുമായി സന്നിധാനത്തേക്ക് പ്രവേശനം അനുവദിക്കുന്നില്ല. മരത്തിൻറെ മുകളിൽനിന്നോ, ഉയരമുള്ള കെട്ടിടങ്ങളുടെ ടെറസ്സിൽ കയറിനിന്നോ, വാട്ടർ ടാങ്കുകളുടെ ഉയരെ കയറിനിന്നോ മകരജ്യോതി ദർശനം അനുവദിക്കില്ല.

ദേവസ്വം അനുവദിക്കുന്ന സ്പെഷൽ പാസ് ഉള്ളവരെ മാത്രമേ തിരുമുറ്റത്ത് ദീപാരാധന സമയത്ത് നിൽക്കാൻ അനുവദിക്കുകയുള്ളൂ. പമ്പയിലും സന്നിധാനത്തും പരിസരത്തുമുള്ള പുറംകാടുകളിലും തുറസായ സ്ഥലങ്ങളിലും താത്കാലിക കുടിലുകൾ, പർണശാലകൾ എന്നിവ കെട്ടാൻ അനുവദിക്കില്ല. യാതൊരു കാരണവശാലും താത്കാലിക പാചകം നടത്താൻ ഭക്തരെ അനുവദിക്കില്ല.

അനുവദനീയമായ സ്ഥലങ്ങൾ നിന്ന് മാത്രം മകരജ്യോതി ദർശിക്കാൻ ഭക്തരെ അനുവദിക്കൂവെന്ന് പോലീസ് വ്യക്തമാക്കി. നിലയ്ക്കലിൽ അട്ടത്തോട്, അട്ടത്തോട് പടിഞ്ഞാറെ കോളനി, ഇലവുങ്കൽ, നെല്ലിമല, അയ്യൻമല എന്നീ സ്ഥലങ്ങളിൽ ദർശിക്കാം.

പമ്പയിൽ ഹിൽടോപ്പ്, ഹിൽടോപ്പ് മധ്യഭാഗം, വലിയാനവട്ടം എന്നിവിടങ്ങളിലും സന്നിധാനത്ത് പാണ്ടിത്താവളം, ദർശനം കോംപ്ലക്സിൻറെ പരിസരം, അന്നദാന മണ്ഡപത്തിൻറെ മുൻവശം, തിരുമുറ്റം തെക്കുഭാഗം, ആഴിയുടെ പരിസരം, കൊപ്രാക്കളം, ജ്യോതിനഗർ, ഫോറസ്റ്റ് ഓഫീസിൻറെ മുൻവശം, വാട്ടർഅതോറിറ്റി ഓഫീസിൻറെ പരിസരം എന്നിവിടങ്ങളിൽനിന്ന് മകരജ്യോതി ദർശിക്കാൻ അനുമതിയുണ്ട്.

എമർജൻസി മെഡിക്കൽ സെൻററുകൾ പാണ്ടിത്താവളം ജംഗ്ഷൻ, വാവർ നട, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, ചരൽമേട് എന്നിവിടങ്ങളിൽ തയാറാണ്. വിവിധ സ്ഥലങ്ങളിൽ സ്ട്രച്ചർ സേവനം ലഭ്യമാണ്. ഉരക്കുഴി, പാണ്ടിത്താവളം ജംഗ്ഷൻ, അന്നദാനമണ്ഡപത്തിൻറെ സമീപം, നടപ്പന്തൽ, മേലെ തിരുമുറ്റം, ജീപ്പ് റോഡ്, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, ചരൽമേട് എന്നിവിടങ്ങളിലാണ് സ്ട്രച്ചർ സൗകര്യമുള്ളത്.

അസ്കാ ലൈറ്റുകളുടെ സേവനം ഉരക്കുഴി, പാണ്ടിത്താവളം ജംഗ്ഷൻ, അന്നദാനമണ്ഡപത്തിൻറെ സമീപം, വാവർനട, ബെയിലി ബ്രിഡ്ജ്, ജീപ്പ് റോഡ്, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, ചരൽമേട് എന്നിവിടങ്ങളിൽ സജ്ജമാണ്. മെഗാഫോണുകൾ ഉരക്കുഴി, പാണ്ടിത്താവളം ജംഗ്ഷൻ, അന്നദാനമണ്ഡപം, ബെയിലി ബ്രിഡ്ജ്, ജീപ്പ്റോഡ്, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, ചരൽമേട് എന്നിവിടങ്ങളിൽ ലഭ്യമാണ്.

# എം.ടി. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും നാടിന്റെയും മനസാക്ഷി: മന്ത്രി എം. ബി. രാജേഷ്

**തിരുവനന്തപുരം:** എം.ടി. വാസുദേവൻ നായർ മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും നാടിന്റെയും ജനതയുടെയും മനസാക്ഷിയായിരുന്നെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച സുകൃതം വാസുദേവം എം.ടി. വാസുദേവൻ നായർ അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഒരുപാട് വിശ്വപ്രസിദ്ധരായ എഴുത്തുകാരെ മലയാളികൾക്ക് പരിചയപ്പെടുത്തിയത് എംടിയാണ്. കൂടാതെ മലയാളത്തിലെ രണ്ട് തലമുറയിലെ എഴുത്തുകാരെ വളർത്തിയെടുത്തതിൽ പത്രാധിപരായ എംടിക്ക് പ്രധാനപെട്ട പങ്കുണ്ടായിരുന്നുവെന്ന് മന്ത്രി പറഞ്ഞു. ചുറ്റുവട്ടത്തുനിന്ന് കണ്ടെടുത്ത മനുഷ്യരെ കഥാപാത്രങ്ങളാക്കി അവരിലൂടെ മനുഷ്യരുടെ സാർവ്വലൗകികമായ വ്യഥകളെയും ആത്മസംഘർഷങ്ങളെയും എം.ടി ആവിഷ്കരിച്ചുവെന്ന് മന്ത്രി പറഞ്ഞു.

തിരസ്കൃതരായ മനുഷ്യരുടെ കഥകളാണ് എംടി ആവിഷ്ക്കരിച്ചത്. എല്ലാവരും ചതിയൻ ചന്തു എന്ന് വിളിച്ചയാളെ എംടി നായകനാക്കി. അസാധാരണമായ ധീരമായ പരീക്ഷണങ്ങൾ അദ്ദേഹം എഴുത്തിലും സിനിമയിലും കൊണ്ടുവന്നു.

എംടി ഒരുകാലത്തും കക്ഷിരാഷ്ട്രീയത്തിന്റെ ഭാഗമായിരുന്നില്ല. പ്രചരണപരമായിട്ട് എഴുതിയിട്ടില്ല. പക്ഷേ അദ്ദേഹം വിശാലമായൊരു രാഷ്ട്രീയം എക്കാലത്തും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. പൊതുവെ വളരെ കുറച്ചു സംസാരിച്ചിരുന്ന ആൾ ആണ്. എന്നാൽ താൻ പറയേണ്ട വാക്കുകൾ അനിവാര്യമായ സന്ദർഭങ്ങളിൽ പറയാൻ ഒരു മടിയും കാണിച്ചിട്ടില്ലാത്ത എഴുത്തുകാരനുമായിരുന്നു എംടി.

മതനിരപേക്ഷതയുടെ, ജനാധിപത്യത്തിന്റെ, ഇന്ത്യ എന്ന ആശയത്തിന്റെ അടിസ്ഥാനമൂല്യങ്ങളുടെയെല്ലാം കാവലാളായി എംടി നിലകൊണ്ടിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

എംടിയുടെ കഥാപാത്രങ്ങളുടെ ശബ്ദാവിഷ്ക്കാരാവും ചടങ്ങിൽ അവതരിപ്പിച്ചു. എഴുത്തുകാരൻ അജിത് കൊളാടി, എഴുത്തുകാരൻ കെ എസ് രവികുമാർ, ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, സാക്ഷരതാ മിഷൻ ഡയറക്ടർ എ ജി ഒലീന, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധു, തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ബി പി മുരളി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# കുസാറ്റ് അദ്ധ്യാപകർക്ക് കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ 38.97 ലക്ഷം രൂപയുടെ പ്രോജക്റ്റ് ഗ്രാൻറ്




ഡോ. ചൈതന്യ ഇ. ആർ, എ. എ. മൊഹമ്മദ്

**കൊച്ചി:** കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ ഡീപ് ഓഷ്യൻ മിഷൻ പദ്ധതിയുടെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മറൈൻ ബയോളജി വകുപ്പിലെ അദ്ധ്യാപകർക്കാണ് പ്രോജക്ട് ഗ്രാൻറ് ലഭിച്ചത് സീനിയർ പ്രൊഫസറും, സ്കൂൾ ഓഫ് മറൈൻ സയൻസ് ഡയറക്ടറും ആയ ഡോ. എ. എ. മൊഹമ്മദ് ഹാത്ത, അസിസ്റ്റൻറ് പ്രൊഫസർ ഡോ. ചൈതന്യ ഇ. ആർ. എന്നിവർക്കാണ് ഗ്രാൻറ് ലഭിച്ചത്. ഇന്ത്യൻ മഹാസമുദ്രാടിത്തട്ടിലുള്ള ചാഗോസ് ലാക്കഡിവ് റിഡ്ജ് ഏരിയയിൽ നിന്നുള്ള സൂക്ഷ്മജീവി സമൂഹങ്ങളുടെ സ്വഭാവ സവിശേഷതകൾ, അവയിൽ നിന്നുള്ള മീഥൈൻ ഉൽപാദനം, ഇത്തരം സൂക്ഷ്മ ജീവികളിൽ കാണപ്പെടുന്ന കുറഞ്ഞ താപനിലയിലും കൂടിയ മർദ്ദത്തിലും, പ്രവർത്തന ക്ഷമതയുള്ള വ്യവസായിക പ്രധാന്യമുള്ള രാസത്വരകങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനത്തിന് ആണ് ഗ്രാൻറ് അനുവദിച്ചത്. രണ്ടു വർഷത്തേക്കായി ആകെ 38.97 ലക്ഷം രൂപയാണ് അനുവദിച്ചത്.

# ഗസ്റ്റ് അധ്യാപക ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഐ.പി.ആർ സ്റ്റഡീസിൽ ഗസ്റ്റ് അധ്യാപക തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. എൽ.എൽ.എം, നെറ്റ്/പിഎച്ച്ഡി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. എൽ.എൽ.എം.ൽ ഐപിആർ ൽ സ്പെഷ്യലൈസേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ അവരുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പോടുകൂടിയ വിശദമായ ബയോഡേറ്റ, ഡയറക്ടർ, ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഐ.പി.ആർ സ്റ്റഡീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി, കൊച്ചി 22 എന്ന വിലാസത്തിൽ 20.01.2025 ന് മുമ്പായി അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04842575174/2575074 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# ഗ്ലോബൽ ജോബ് ഫെയറിന് സമാപനം

**കണ്ണൂർ:** നാലായിരത്തോളം ഉദ്യോഗാർഥികൾക്ക് തൊഴിലവസരങ്ങൾക്കുള്ള വാതിൽതുറന്ന് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ബ്രാൻഡ് ബേ മീഡിയയുടെ സഹകരണത്തോടെ നടത്തിയ ഗ്ലോബൽ ജോബ് ഫെയർ സമാപിച്ചു. രണ്ടു ദിവസങ്ങളിലായി വിദേശത്തും സ്വദേശത്തുമുള്ള 75 കമ്പനികൾ പങ്കെടുത്ത തൊഴിൽ മേളയിൽ പന്ത്രണ്ടായിരത്തോളം ഉദ്യോഗാർഥികൾ പങ്കെടുത്തു.

വിദ്യാഭ്യാസം, റീറ്റെയ്ൽ, ഹോസ്പിറ്റാലിറ്റി, ഹെൽത്ത് കെയർ, ടെക്നോളജി, ഓട്ടോ മൊബൈൽ, ടൂറിസം, ആർക്കിടെക്ച്ചർ, എഞ്ചിനീയറിംഗ്, കൺസ്ട്രക്ഷൻ തുടങ്ങി മുപ്പതിലേറെ മേഖലകളിലായാണ് നിരവധി തൊഴിൽ അവസരങ്ങൾ തുറന്നുവെച്ചതെന്ന് മേയർ മുസ്‌ലിഹ് മഠത്തിൽ പറഞ്ഞു. അഞ്ഞൂറിലേറെ പേരെ കമ്പനികൾ നേരിട്ട് തെരഞ്ഞെടുത്തു. രണ്ടായിരത്തോളം പേരെ വിവിധ ഒഴിവുകളിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്തു. നിരവധി കമ്പനികൾ അടുത്ത ദിവസങ്ങളിലായി ഫൈനൽ സ്ക്രീനിങ്ങിന് ഉദ്യോഗാർഥികൾക്ക് അവസരം നൽകിയിട്ടുണ്ട്.

കേരള സർക്കാരിന്റെ ഔദ്യോഗിക തൊഴിൽ റിക്രൂട്ട്മെന്റ് ഏജൻസിയായ ഒഡേപെക്, ജില്ലാ വ്യവസായ കേന്ദ്രം, സിഡിറ്റ്, എൻയുഎൽഎം തുടങ്ങിയ സ്ഥാപനങ്ങളും ജോബ് ഫെയറിൽ പങ്കെടുത്തു. നിർമിത ബുദ്ധിയുടെ ലോകം: തൊഴിൽ മേഖലയിലെ മാറ്റങ്ങൾ, കോർപറേറ്റ് വിജയത്തിലേക്കുള്ള യാത്ര, വിപണിയുമായി പൊരുത്തപ്പെടുന്ന വൈദഗ്ധ്യവും വിഷയങ്ങളിൽ സെഷനുകളും നടന്നു. സമാപന സമ്മേളനം രാജ്യസഭാംഗം അഡ്വ. പി സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു.

മേയർ മുസ്‌ലിഹ് മഠത്തിൽ അധ്യക്ഷത വഹിച്ചു. നോർത്ത് മലബാർ ചേമ്പർ ഓഫ് കൊമേഴ്സ് സെക്രട്ടറി സി അനിൽകുമാർ, കേരള ഫിഷ് മെർച്ചന്റ് അസോസിയേഷൻ കെ മുഹമ്മദ് ആർഎംഎ മുഖ്യാതിഥികളായി. ഡെപ്യൂട്ടി മേയർ അഡ്വ. പി ഇന്ദിര, ബ്രാൻഡ്ബേ മീഡിയ എംഡി സൈനുദ്ദീൻ ചേലേരി, സിഇഒ ഷമ്മാസ് മുഹമ്മദ്കുട്ടി, സ്ഥിരംസമിതി അധ്യക്ഷരായ പി ഷമീമ, സുരേഷ് ബാബു എളയാവൂർ, ഷാഹിന മൊയ്തീൻ, സിഎച്ച് ജുനൈബ്, കെഎൻ അനസ്, സൂപ്രണ്ടിങ് എൻജിനിയർ ഇൻ ചാർജ് എംസി ജസ്വന്ത്, കേർപ്പറേഷൻ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ സംസാരിച്ചു.

ദുബൈ കെഎംസിസി സെക്രട്ടറി അബ്ദുൽ ഖാദർ അരിപ്പാമ്പ്ര, കൗൺസിലർമാരായ പിവി ജയസൂര്യൻ, പി കുഞ്ഞമ്പു, സജേഷ്കുമാർ, പ്രകാശൻ പയ്യനാടൻ, ശ്രീജ ആരംഭൻ, എസ് ഷഹീദ, കെഎം സാബിറ, സുനിഷ, കെപി അനിത, അഷ്റഫ് ചിറ്റുള്ളി, ബീബി, അനിത പഞ്ഞിക്കൽ, മുൻ ഡെപ്യൂട്ടി മേയർ ഷബീന ടീച്ചർ തുടങ്ങിയവർ വിവിധ സെഷനുകളിൽ പങ്കെടുത്തു.

# മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുമെന്ന് മന്ത്രി ജി.ആർ അനിൽ

**മലപ്പുറം:** സംസ്ഥാനത്തെ എല്ലാ മാവേലി സ്റ്റോറുകളും കൂടുതൽ സൗകര്യമുള്ള സൂപ്പർമാർക്കറ്റുകളാക്കി മാറ്റുമെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രി ജി.ആർ അനിൽ. പെരിന്തൽമണ്ണ ഏലംകുളത്ത് സപ്ലൈകോ സൂപ്പർമാർക്കറ്റിന്റെ ഉ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സപ്ലൈകോ ഔട്ട്ലെറ്റുകൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 113ാമത്തെ വില്പന ശാലയാണ് ഏലംകുളത്ത് ഉദ്ഘാടനം ചെയ്യുന്നത്. സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും ഒരു ഷോപ്പ് പോലും പൂട്ടുകയോ തൊഴിലാളികളെ പിരിച്ചുവിടുകയോ ഉണ്ടായിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

30 മുതൽ 40 ലക്ഷം വരെ ആളുകൾ പ്രതിമാസം സപ്ലൈകോ ഷോപ്പുകളിൽ നിന്ന് സബ്സിഡി അടക്കമുള്ള ഉത്പന്നങ്ങൾ വാങ്ങുന്നുണ്ട്. റേഷൻ കടയിൽ 83 ലക്ഷം കുടുംബങ്ങൾ പ്രതിമാസം റേഷൻ വാങ്ങുന്നുണ്ട്. വലിയ വിലവർധനയിലേക്ക് സംസ്ഥാനം പോകാത്തത് സർക്കാരിന്റെ ഇത്തരം ഇടപെടൽ കൊണ്ടാണെന്നും കേരളത്തിന് പുറത്ത് ഒരു സർക്കാരും വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ ഇത്രയും ശക്തമായ ഇടപെടലുകൾ നടത്തുന്നില്ലെന്നും മന്ത്രി പറഞ്ഞു.

നജീബ് കാന്തപുരം എം.എൽ.എ അധ്യക്ഷത വഹിച്ചു. ഏലംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സുധീർ ബാബു ആദ്യവിൽപന നിർവഹിച്ചു. വൈസ് പ്രസിഡന്റ് അനിത പള്ളത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എൻ.വാസുദേവൻ, നാലകത്ത് ഷൗക്കത്ത്, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എൻ.പി ഉണ്ണികൃഷ്ണൻ, ആരോഗ്യ,വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.ആർ മനോജ്, പഞ്ചായത്തംഗം സമദ് താമരശ്ശേരി, കോഓപ്പറേറ്റിവ് ബാങ്ക് പ്രസിഡന്റുമാരായ പി. ഗോവിന്ദപ്രസാദ്, എം.എ അജയൻ, സപ്ലൈകോ റീജിയണൽ മാനേജർ ടി.ജെ ആശ, ജില്ലാ സപ്ലൈ ഓഫീസർ കെ.ജോസി ജോസഫ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



**ഉന്നതവിദ്യാഭ്യാസ എക്സ്പോ മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. മുൻ വൈസ് ചാൻസലർ ഡോ. പി ജി ശങ്കരൻ, കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ കെ. കെ സാജു, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. വി. പി ജഗതി രാജ്, കേരള സംസ്ഥാന ഹയർ എജുക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ ഡോ രാജൻ ഗുരുക്കൾ, കുസാറ്റ് വൈസ് ചാൻസലർ ഡോ എം. ജുനൈദ് ബുഷിരി, കുസാറ്റ് രജിസ്ട്രാർ ഡോ. എ യു അരുൺ എന്നിവർ സമീപം.**

# കുസാറ്റിൽ ഉന്നതവിദ്യാഭ്യാസ എക്സ്പോ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്ന് സംഘടിപ്പിക്കുന്ന ദ്വിദിന അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഭാഗമായി 15 വരെ സർവകലാശാലയിൽ സംഘടിപ്പിക്കുന്ന ഹയർ എജ്യുക്കേഷൻ എക്സ്പോ കുസാറ്റ് സെമിനാർ കോംപ്ലക്സിൽ മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു.

കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുക, ഉന്നത വിദ്യാഭ്യാസ മേഖലയെ രാജ്യാന്തര തലത്തിലേക്ക് ഉയർത്തുക എന്നീ ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. പരിപാടിയിൽ വിവിധ സർവകലാശാലകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിശദീകരിക്കുന്നതിനും വേദി ഒരുങ്ങിയിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

വിവിധ സർവകലാശാലകളുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഉൾപ്പെടെ 33 സ്റ്റാളുകളാണ് പ്രദർശന വേദിയിൽ ഒരുങ്ങിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിശദീകരിക്കുന്നതിനും തുറന്ന ചർച്ചയ്ക്കുമുള്ള സൗകര്യങ്ങളും വേദിയിലുണ്ട്. നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തി വിദ്യാർഥികൾ നിർമ്മിച്ച വിവിധങ്ങളായ ഉൽപ്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. പഠന പ്രക്രിയയ്ക്ക് പുറമെ വിവിധ രാജ്യാന്തര മത്സരങ്ങൾക്ക് വേണ്ടി നിർമ്മിച്ച ഉല്പന്നങ്ങളും പ്രദർശനത്തിന്റെ ഭാഗമാണ്. വിദ്യാർത്ഥികൾ നിർമ്മിച്ച അതീവ സുരക്ഷ പ്രദാനം ചെയ്യുന്ന ഇലക്ട്രിക് സ്കൂട്ടറുകൾ, സൈക്കിളുകൾ, ബൈക്കുകൾ, ആശുപത്രികളിൽ മരുന്ന് വിതരണം സുഗമമാക്കുന്നതിനുള്ള മെഡിക്കൽ വെന്റിങ് മെഷീൻ, മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കുന്നതിനുള്ള ഉപകരണം, അക്വാകൾച്ചർ ഫാർമേർസിനായുള്ള മരുന്നുകൾ, പ്രസവ സമയത്ത് സ്ത്രീ ശരീരത്തിൽ നിന്നും നഷ്ടമാകുന്ന രക്തം പുനരുപയോഗിക്കുന്നതിനുള്ള ഉപകരണം, സ്മാർട്ട് ട്രാഫിക് മാനേജ്മെന്റ് സംവിധാനം, മുറിവുകൾ ഉണക്കാൻ പ്രകൃതിയിൽ നിന്നും സൃഷ്ടിക്കുന്ന മരുന്നുകൾ, സോളാർഅധിഷ്ഠിത കോക്കനട്ട് ഡൈനിങ് മെഷീൻ എന്നിവയ്ക്ക് പുറമെ വിവിധ സ്റ്റാർട്ട് അപ്പ് കമ്പനികളുടെ എക്സ്പോ, യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും വിവിധങ്ങളായ കോഴ്സുകൾ പരിചയപ്പെടുത്തുന്നതിനുള്ള സ്റ്റോളുകളും സജ്ജീകരിച്ചിട്ടുണ്ട്.

കുസാറ്റിലെ വിവിധ വിഭാഗങ്ങൾ, മഹാത്മാഗാന്ധി സർവകലാശാല, കേരള സർവകലാശാല, കണ്ണൂർ സർവകലാശാല, കേരള കാർഷിക സർവകലാശാല, എ.പി.ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, കേരള ഡിജിറ്റൽ സർവകലാശാല, തുടങ്ങിയവയുടെയും വിവിധ കോളേജുകളുടെയും സ്റ്റാളുകൾ ഒരുങ്ങിയിട്ടുണ്ട്. ഉദ്ഘാടന ചടങ്ങിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, കുസാറ്റ് വൈസ് ചാൻസിലർ ഡോ എം. ജുനൈദ് ബുഷിരി, കുസാറ്റ് രജിസ്ട്രാർ ഡോ. എ യു അരുൺ, കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ കെ. കെ സാജു , ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. വി. പി ജഗതി രാജ്, കേരള സംസ്ഥാന ഹയർ എജുക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ ഡോ രാജൻ ഗുരുക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഓ.കെ.എസ്.കെ. അണ്ടർ 11 ഫുട്ബോൾ ടൂർണ്ണമെൻറ് സമാപിച്ചു

**ആലുവ:** ഓ.കെ.എസ്.കെ സ്പോർട്സ് മാനേജ്മെൻറ് സംഘടിപ്പിച്ച അണ്ടർ 11 സെവൻസ് ഫുട്ബോൾ ടൂർണ്ണമെൻറ് സമാപിച്ചു. ആലുവ ടർഫ് ഗ്രൗണ്ടിൽ നടത്തിയ ടൂർണമെന്റിലെ വിജയികൾക്കുള്ള സമ്മാനദാനം ആലുവ മുനിസിപ്പൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഫാസിൽ ഹുസൈൻ നിർവഹിച്ചു.

യങ് ബ്ലാസ്റ്റേഴ്സ് ടീം ഒന്നാം സ്ഥാനവും ഗണ ഡോർ ടീം രണ്ടാം സ്ഥാനവും നേടി. തെറ്റയിൽ ജുവലറി, ജനസേവ ശിശുഭവൻ, ന്യൂ പാറയിൽ മെഡിക്കൽസ് എന്നിവയുടെ സഹകരണത്തോടെ ആണ് ടൂർണ്ണമെൻറ് സംഘടിപ്പിച്ചത്. മർച്ചൻസ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി അഡ്വ. എ. ജെ. റിയാസ്, അൻവർ പാലിയേറ്റീവ് കെയർ സൊസൈറ്റി പ്രസിഡൻറ് ഡോ. സി. എം. ഹൈദരാലി, ജനസേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലി, എ എസ് രവിചന്ദ്രൻ, അസീസ് അൽബാബ്, റഫീഖ് എന്നിവർ സമ്മാനദാന ചടങ്ങിൽ സംബന്ധിച്ചു.

ഓ.കെ.എസ്.കെ സ്പോർട്സ് മാനേജ്മന്റ് ടീം അംഗങ്ങളായ എ. ആർ. രാഹുൽ, എസ്. ഗോകുൽ കൃഷ്ണൻ, ധീരജ് ഗോപി, നീലിമ എസ്. എസ് തുടങ്ങിയവർ ടൂർണമെന്റിന് നേതൃത്വം നൽകി.



**പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിലെ തിരുവുത്സവത്തിനു സമാപനം കുറിച്ച് ക്ഷേത്രം തന്ത്രി പ്രശാന്ത് നാരായൺ നമ്പൂതിരിപ്പാടും ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയും ചേർന്ന് ആറാട്ട് നടത്തിയപ്പോൾ.**

# പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ ഉത്സവം ആറാട്ടോടെ സമാപിച്ചു

**കൊച്ചി :** എറണാകുളം, കലൂർ പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിൽ കഴിഞ്ഞ പത്തു ദിവസമായി നടന്നുവന്ന ഉൽസവം ആറാട്ടോടെ സമാപിച്ചു. ക്ഷേത്രം തന്ത്രി പ്രശാന്ത് നാരായൺ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ കൊടിയിറക്കിയശേഷം ആനപ്പുറത്ത് തിടമ്പേറ്റി ദേശം ചുറ്റിവന്നതിനുശേഷമാണ് ക്ഷേത്രക്കുളത്തിൽ ആറാട്ട് നടന്നത്.

ആറാട്ടിന് ക്ഷേത്രം തന്ത്രി പ്രശാന്ത് നാരായൺ നമ്പൂതിരിപ്പാടും ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയും കാർമ്മികത്വം വഹിച്ചു.

തുടർന്ന് ആറാട്ടു സദ്യയും നടന്നു. ക്ഷേത്രം പ്രഭാരി ശ്രീകുമാർ വലയിൽ, പ്രസിഡണ്ട് ടി. പങ്കജാക്ഷൻ, സെക്രട്ടറി വിനോദ് കരോളിൽ, കെ.പി മാധവൻകുട്ടി, ഒ ഉണ്ണികൃഷ്ണ മേനോൻ, ഗിരീഷ് രാജൻ, സി. വേണു, ബാലകൃഷ്ണ കമ്മത്ത് , കെ ജി നന്ദകുമാർ, സുരേഷ് എൻ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

# സ്പോർട്സ് സ്കൂൾ പ്രവേശനത്തിനുള്ള സെലക്ഷൻ ട്രയൽസ് ഈ മാസം

**തിരുവനന്തപുരം:** സംസ്ഥാന കായിക യുവജനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലേക്കും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലേക്കും, സ്പോർട്സ് അക്കാഡമികളിലേക്കുമുള്ള സെലക്ഷൻ ട്രയൽസ് ഈ മാസം നടത്തുമെന്ന് കായിക വകുപ്പ് അറിയിച്ചു.

ജനുവരി പതിനെട്ടു മുതലാണ് സെലക്ഷൻ ട്രയൽസ് നടക്കുക. കായിക വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലേക്കും സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള വിവിധ സ്കൂളുകൾ, സ്പോർട്സ് അക്കാഡമികളിലേക്കുമാണ് സെലക്ഷൻ ട്രയൽസ് നടക്കുന്നത്. 6,7,8, പ്ലസ് വൺ ക്ളാസ്സുകളിലേക്ക് നേരിട്ടാകും സെലക്ഷൻ. 9,10 ക്ളാസ്സുകളിൽ ഒഴിവുള്ള സീറ്റുകളിൽ ലാറ്ററൽ എൻട്രിയിലൂടെയാണ് പ്രവേശനം.

അത്ലറ്റിക്സ്, ബാസ്ക്കറ്റ് ബോൾ, ബോക്സിങ്, ഹോക്കി, ജൂഡോ, വോളിബോൾ, റെസ്ലിങ് എന്നീ കായിക ഇനങ്ങളിലേക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സെലക്ഷൻ നടത്തും. ഫുട്ബോളിലും തയ്ക്കൊണ്ടോയിലും പെൺകുട്ടികൾക്ക് മാത്രമാകും അവസരം. ഫുട്ബോൾ ആൺകുട്ടികളുടെ സെലക്ഷൻ പിന്നീട് നടത്തുമെന്നും കായിക വകുപ്പ് അറിയിച്ചു.

6,7 ക്ളാസ്സുകളിലേക്കുള്ള കുട്ടികളെ കായികക്ഷമതയുടെ അടിസ്ഥാനത്തിലാകും തിരഞ്ഞെടുക്കുക. 8, പ്ളസ് വൺ ക്ളാസ്സുകളിലേക്ക് കായിക ക്ഷമതയ്ക്കൊപ്പം അതാത് കായിക ഇനത്തിലെ മികവിന്റെ അടിസ്ഥാനത്തിൽ കൂടിയാകും അവസരം ലഭിക്കുക. സംസ്ഥാന തലത്തിൽ മെഡൽ നേടിയവർക്കും തത്തുല്യ പ്രകടനം കാഴ്ചവച്ചവർക്കും മാത്രമേ 9,10 ക്ളാസ്സുകളിലേക്കുള്ള ലാറ്ററൽ എൻട്രി ട്രയൽസിൽ പങ്കെടുക്കാനാകൂ.

ട്രയൽസിൽ മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്ന ഒരാഴ്ച നീണ്ടു നിൽക്കുന്ന അസ്സെസ്സ്മെന്റ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. ക്യാമ്പിലെ പ്രകടനത്തിന്റെയും പരീക്ഷകളുടേയും അടിസ്ഥാനത്തിലാകും വിദ്യാർത്ഥികൾക്ക് വിവിധ ക്ളാസ്സുകളിലേക്ക് പ്രവേശനം ലഭിക്കുക.

ഈ മാസം 18ന് തലശ്ശേരി മുൻസിപ്പിൽ സ്റ്റേഡിയത്തിൽ നിന്നാണ് സെലക്ഷൻ ട്രയൽസ് തുടങ്ങുന്നത്. 19തിന് നീലേശ്വരം ഇ എം എസ് സ്റ്റേഡിയത്തിലും, 21 ന് കൽപ്പറ്റ എസ്സ്. കെ.എം.ജെ. എച്ച്. എസ്സ്.എസ്സ് സ്റ്റേഡിയത്തിലും, 22 ന് തേഞ്ഞിപ്പാലത്തുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും, 23 ന് പാലക്കാട് മുനിസിപ്പൽ സ്റ്റേഡിയത്തിലും ട്രയൽസ് നടക്കും. 24 ന് ജി.വി.എച്ച്.എസ്സ്. എസ്സ് കുന്നംകുളത്തും 25ന് ആലുവ യു.സി. കോളേജ് ഗ്രൗണ്ടിലും, 28ന് ആലപ്പുഴയിലെ കലവൂർ ഗോപിനാഥ് സ്റ്റേഡിയത്തിലും, 30തിന് ഇടുക്കി, നെടുങ്കണ്ടത്തെ മുൻസിപ്പിൽ സ്റ്റേജിയത്തിലും 31ന് പാലാ മുൻസിപ്പിൽ സ്റ്റേഡിയത്തിലും ട്രയൽസ് നടക്കും. ഫെബ്രുവരി ഒന്നിന് പത്തനംതിട്ടയിലെ കൊടുമൺ സ്റ്റേഡിയത്തിലും 2ന് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലും ട്രയൽസ് നടക്കും. തിരുവനന്തപുരത്തെ മൈലത്തുള്ള ജി വി രാജ സ്പോർട്സ് സ്കൂളിൽ അടുത്തമാസം 3നാണ് അവസാന സെലക്ഷൻ ട്രയൽസ്.

സെലക്ഷനിൽ പങ്കെടുക്കാൻ എത്തുന്ന വിദ്യാർത്ഥികൾ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും, ആധാർ കാർഡും, രണ്ട് പാസ്പോർട്ട് സൈസ്സ് ഫോട്ടോഗ്രാഫും അവർ പങ്കെടുക്കുന്ന കായിക ഇനങ്ങൾക്കുള്ള വേഷങ്ങളുമായി അതാത് ദിവസം രാവിലെ 9.00 മണിക്ക് ട്രയൽസ് നടക്കുന്ന സ്റ്റേഡിയത്തിൽ എത്തണം.

വിദ്യാർത്ഥികൾക്ക് അവരുടെ സൗകര്യമനുസരിച്ച് സെലക്ഷൻ നടക്കുന്ന ഏത് സ്റ്റേഡിയത്തിൽ വേണമെങ്കിലും എത്താമെന്നും കായിക വകുപ്പ് അറിയിച്ചു.

sdya.kerala.gov.in എന്ന് വെബ്സൈറ്റിൽ സെലക്ഷൻ ട്രയൽസിന്റെ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്.




# കാഴ്ചപരിമിതിയുള്ള വനിതകളുടെ ദേശീയ ടി20 ക്രിക്കറ്റ്: ആദ്യ കളിയിൽ ഉത്തർ പ്രദേശിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി കേരളം

**കൊച്ചി:** കാഴ്ചപരിമിതിയുള്ള വനിതകളുടെ ദേശീയ ടി20 ക്രിക്കറ്റ് ടൂർണമെന്റിൽ കേരളത്തിനു വിജയത്തുടക്കം.

ആലുവ ബ്ലൈൻഡ് സ്കൂൾ ഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ ടോസ് ജയിച്ച ആദ്യം ബാറ്റ് ചെയ്ത ഉത്തർ പ്രദേശിനെ കേരളം 20 ഓവറിൽ 118 റൺസിൽ ഒതുക്കി. കേരളത്തിനായി അനി എ പി 19 റൺസ് മാത്രം വഴങ്ങി 2 വിക്കറ്റ് വീഴ്ത്തി. മറുപടി ബാറ്റിങ്ങിൽ വെടിക്കെട്ട് പ്രകടനം നടത്തിയ കേരളത്തിന്റെ ഓപ്പണർ ജംഷീലയുടെ മികവിൽ വെറും 7.4 ഓവറിൽ കേരളം വിജയലക്ഷ്യം നേടി. 28 പന്തിൽ 71 റൺസ് നേടി പുറത്താകാതെ നിന്ന ജംഷീല കളിയിലെ താരമായി.

സ്കോർ: ഉത്തർ പ്രദേശ് 118/6 (20 ഓവർ)കേരളം 119/2 (7.4 ഓവർ)

ഇന്നലെ നടന്ന മറ്റ് മത്സരങ്ങളിൽ കരുത്തരായ ഒഡീഷയെ മദ്ധ്യപ്രദേശ് 7 വിക്കറ്റിനും പശ്ചിമ ബംഗാൾ അസമിനെ 10 വിക്കറ്റിനും പരാജയപ്പെടുത്തി. രാജസ്ഥാനെതിരെ കർണാടക 8 വിക്കറ്റിന് ജയിച്ചപ്പോൾ ഗുജറാത്ത് 10 വിക്കറ്റിന് ഹരിയാനയെ പരാജയപ്പെടുത്തി. ആന്ധ്രാ പ്രദേശ് ഡൽഹിയെ 50 റൺസിനാണ് പരാജയപ്പെടുത്തിയത്. മഹാരാഷ്ട്ര തെലുങ്കാനയെ 32 റൺസിന് തോൽപ്പിച്ചു. ജാർഖണ്ഡ് ചണ്ഡീഗഡിനെ 10 വിക്കറ്റിന തോൽപ്പിച്ചപ്പോൾ ബീഹാർ വിദർഭയെ 7 വിക്കറ്റിന് തോല്പിച്ചു.

ആലുവ യു സി കോളജിൽ നടക്കുന്ന കേരളത്തിന്റെ അടുത്ത മത്സരത്തിൽ തമിഴ് നാടാണ് എതിരാളികൾ. മത്സരം ഉച്ചയ്ക് 1 മണിക്ക് ആരംഭിക്കും. ഇതേ ഗ്രൗണ്ടിൽ രാവിലെ 9 മണിക്ക് ജാർഖണ്ഡ് ബീഹാർ മത്സരം നടക്കും. തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ടിൽ നടക്കുന്ന ആദ്യ മത്സരത്തിൽ 9 മണിക്ക് കർണാടക ഗുജറാത്തിനെ നേരിടും. ഉച്ചക്ക് ശേഷം ഇതേ മൈതാനിയിൽ രാജസ്ഥാൻ ഹരിയാനയെ നേരിടും. കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ വെച്ച് നടക്കുന്ന ആദ്യ മത്സരത്തിൽ ഒഡിഷ പശ്ചിമ ബംഗാളിനെ നേരിടുമ്പോൾ ഉച്ചക്ക് മധ്യ പ്രദേശ് അസാം മത്സരം. ആന്ധ്രാപ്രദേശ് മഹാരാഷ്ട്ര മത്സരം രാവിലെയും ഡൽഹി തെലുങ്കാന മത്സരം ഉച്ചക്ക് ശേഷവും അങ്കമാലി ഫിസാറ്റ് കോളേജിൽ നടക്കും. ആലുവ ബ്ലൈൻഡ് സ്കൂൾ ഗ്രൗണ്ടിൽ ചണ്ഡീഗഡ് വിദർഭ മത്സരവും നടക്കും.

# കേരളത്തിലെ രണ്ടാമത്തെ കാൻഡിയർ ഷോറൂം കണ്ണൂരിൽ തുറന്നു




**കണ്ണൂർ:** കല്യാൺ ജൂവലേഴ്സിൻറെ ലൈഫ്സ്റ്റൈൽ ആഭരണ ബ്രാൻഡായ കാൻഡിയറിൻറെ കേരളത്തിലെ രണ്ടാമത്തെ ഷോറൂം കണ്ണൂരിൽ തുറന്ന് പ്രവർത്തനമാരംഭിച്ചു. ആധുനികവും ട്രെൻഡിയുമായ ആഭരണ രൂപകൽപ്പനകളിലൂടെ പേരെടുത്ത കാൻഡിയറിൻറെ പുതിയ ഷോറൂം കണ്ണൂർ എംജി റോഡിലെ തവക്കരയിലാണ്. കേരളത്തിലെ രണ്ടാമത്തേതും വടക്കൻ കേരളത്തിലെ ആദ്യത്തേയുമായ ഷോറൂം കണ്ണൂരിൽ തുറന്നതോടെ ഇന്ത്യയിലെമ്പാടുമായി കാൻഡിയറിന് 60 ഔട്ട്ലെറ്റുകളായി.

രാജ്യത്തുടനീളമുള്ള റീട്ടെയിൽ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനും ബ്രാൻഡിനെ ഉപഭോക്താക്കളിലേക്ക് കൂടുതലായി എത്തിക്കുന്നതിനുമുള്ള കാൻഡിയറിൻറെ സുപ്രധാനമായ ചുവടുവയ്പ്പാണ് പുതിയ ഷോറൂം. ഓൺലൈൻ, ഓഫ്ലൈൻ പ്ലാറ്റ്ഫോമുകളിലായി ഓമ്നി ചാനൽ മാതൃകയിലൂടെ ഉപയോക്താക്കൾക്ക് വൈവിധ്യമാർന്ന ഷോപ്പിംഗ് അനുഭവം ലഭ്യമാക്കുന്നതിനുള്ള കാൻഡിയറിൻറെ പദ്ധതിയുടെ ഭാഗവുമാണിത്.

കാൻഡിയറിൻറെ കേരളത്തിലെ രണ്ടാമത്തെ സ്റ്റോർ ചരിത്ര നഗരമായ കണ്ണൂരിൽ തുറക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. സവിശേഷമായ ആഭരണ അനുഭവങ്ങൾ ഉപയോക്താക്കൾക്ക് ലഭ്യമാക്കാനും കാൻഡിയറിൻറെ സാന്നിദ്ധ്യം കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പ്രതിബദ്ധതയുടെ ഭാഗമാണ് പുതിയ ഷോറൂം. സമകാലികവും സ്റ്റൈലിഷുമായ ആഭരണ ശേഖരത്തിലൂടെ, ആധുനിക, ഫാഷൻ പ്രേമികളായ ഉപഭോക്താക്കളുടെ അഭിരുചികൾക്ക് ഏറ്റവും അനുയോജ്യമാണ് കാൻഡിയർ. കല്യാൺ ജൂവലേഴ്സിനോട് കഴിഞ്ഞ വർഷങ്ങളിലെല്ലാം ഏറെ താത്പര്യം കാണിച്ച കണ്ണൂരിലെ ജനങ്ങൾ കാൻഡിയറിനെയും ഏറെ ഹാർദ്ദമായി സ്വീകരിക്കുമെന്ന കാര്യത്തിൽ ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഭാരം കുറഞ്ഞ വൈവിധ്യമാർന്നതുമായ രൂപകൽപ്പനകളാണ് കാൻഡിയർ ആഭരണങ്ങളുടെ പ്രത്യേകത. യുവജനങ്ങളെയും ജോലി ചെയ്യുന്ന വനിതകളേയും സ്റ്റൈൽ താത്പര്യമുള്ളവരേയും മനസിൽ കണ്ട് പ്രത്യേകമായി രൂപപ്പെടുത്തിയവയാണ് അവ. നവീനമായ സൗന്ദര്യബോധം പ്രകടിപ്പിക്കുന്നവയും കുറഞ്ഞ വിലയിലുള്ളവയുമാണ് ഈ ശേഖരത്തിലെ ആഭരണങ്ങൾ. പതിനായിരം രൂപ മുതലാണ് വില ആരംഭിക്കുന്നത്. അർത്ഥപൂർണമായ

സമ്മാനമായി നൽകുവാനും സവിശേഷമായ അവസരങ്ങൾ അവിസ്മരണീയമാക്കുന്നതിനും ഏറ്റവും അനുയോജ്യമാണ് കാൻഡിയർ ആഭരണങ്ങൾ.

പുതിയ ഷോറൂമിൻറെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് പ്രത്യേക ഓഫറുകൾ കാൻഡിയർ പ്രഖ്യാപിച്ചിട്ടുണ്ട്. ഡയമണ്ട്, സോളിറ്റയർ ആഭരണങ്ങളുടെ സ്റ്റോൺ മൂല്യത്തിൽ 20 ശതമാനം ഇളവും സ്വർണാഭരണങ്ങളുടെയും പ്ലാറ്റിനം ആഭരണങ്ങളുടെയും പണിക്കൂലിയിൽ 50 ശതമാനം വരെ ഇളവും ലഭിക്കും. കൂടാതെ ഓൺലൈൻ പർച്ചേയ്സ് നടത്തുമ്പോൾ പണിക്കൂലിയിൽ 100 ശതമാനം വരെ ഇളവും ലഭിക്കും.

ഡിജിറ്റൽഫസ്റ്റ് ബ്രാൻഡ് എന്ന രീതിയിൽ നിന്നും ഓമ്നി ചാനൽ റീട്ടെയ്ലർ എന്ന നിലയിലേക്കുള്ള മാറ്റത്തിൻറെ ഭാഗമായി കാൻഡിയർ ഓൺലൈനിലും ഓഫ്ലൈനിലും തടസങ്ങളില്ലാത്ത ഷോപ്പിംഗ് അനുഭവമാണ് ഒരുക്കുന്നത്. കല്യാൺ ജൂവലേഴ്സിൻറെ പാരമ്പര്യത്തിൻറെ പിന്തുണയിൽ കാൻഡിയർ തുടർന്നും നിത്യവും അണിയുന്നതിനും സ്വയം പ്രകടിപ്പിക്കുന്നതിനും അനുയോജ്യമായ ആഭരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പരിശ്രമത്തിലാണ്. കണ്ണൂരിൽ പുതിയ ഷോറൂം ആരംഭിച്ചതിലൂടെ ഉപയോക്താക്കളുടെ അഭിരുചിക്ക് അനുസരിച്ചുള്ള ആഭരണങ്ങൾ അവതരിപ്പി ക്കുന്നതിനാണ് കാൻഡിയർ ശ്രമിക്കുന്നത്.

കാൻഡിയർ ആഭരണ ശേഖരത്തെക്കുറിച്ചും നിലവിലുള്ള ഓഫറുകളെക്കുറിച്ചും കൂടുതൽ അറിയുന്നതിനായി www.candere.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# കാർഷിക വികസന ഭക്ഷ്യസംസ്കരണ ഉച്ചകോടി 17, 18 തീയതികളിൽ

**കൊച്ചി:** സംസ്ഥാന കൃഷിവകുപ്പിന് കീഴിലുള്ള കേരള അഗ്രോ ബിസിനസ് കമ്പനി ലിമിറ്റഡ്, കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, അസോസിയേറ്റഡ് ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ, ഗ്രാൻഡ് തോൺടൺ ഭാരത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'സുസ്ഥിര കാർഷിക വികസനം ഭക്ഷ്യ സംസ്കരണം ഉന്നമന സമ്മേളനവും പ്രദർശനവും 2025 ഉച്ചകോടി ജനുവരി 17, 18 തീയതികളിൽ തൃശ്ശൂർ വെള്ളാനിക്കരയിലെ കേരള കാർഷിക സർവകലാശാലയിൽ നടത്തുമെന്നു സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു.

സംസ്ഥാനത്തിന്റെ കാർഷിക ഭക്ഷ്യ സംസ്കരണ ബിസിനസ് സാധ്യതകൾ തുറക്കുക എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടക്കുന്ന പരിപാടി അഗ്രി എംഎസ്എംഇ കൾ , അഗ്രി സ്റ്റാർട്ടപ്പുകൾ കർഷക ഉത്പാദക സംഘടനകൾ എന്നിവരെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നു

സർക്കാർ, അക്കാദമിക് വിദഗ്ധർ, വ്യവസായ മേഖല എന്നിവിടങ്ങളിലെ വിവിധതലത്തിലുള്ള സഹകരണം പ്രോത്സാഹിപ്പിച്ച വളർച്ച നേടുന്നതിനും, കാർഷിക ഭക്ഷ്യ സംസ്കരണ മേഖലകളിലെ കേരളത്തിന്റെ വളർച്ച സാധ്യതകൾ കേന്ദ്രീകരിച്ചു കാണിക്കുന്നതിനുള്ള ഒരു വേദിയായും ഈ പരിപാടി മാറും.

വ്യവസായ പ്രമുഖരുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും പാനൽ ചർച്ചകളും, സെമിനാറുകളും കൂടാതെ നൂതന കാർഷിക ഭക്ഷ്യ സംസ്കരണ സാങ്കേതിക വിദ്യകൾ , ഉൽപ്പന്നങ്ങൾ , സേവനങ്ങൾ എന്നിവയുടെ 100 പ്രദർശന സ്റ്റാളുകളും പരിപാടിയുടെ ഭാഗമായി ഒരുക്കും.

സംസ്ഥാന കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്, റവന്യൂ മന്ത്രി കെ രാജൻ, കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയ സെക്രട്ടറി ഡോ സുബ്രത ഗുപ്ത , കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ ബി .അശോക് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

ഉൽപ്പാദന നവീകരണങ്ങൾ, വിളവെടുപ്പിന് ശേഷമുള്ള മൂല്യ ശൃംഖലകൾ, സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിനുള്ള മികച്ച രീതികൾ എന്നിവയെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന സെക്ഷനുകൾ പരിപാടിയുടെ ഭാഗമായി നടക്കും.

കാർഷിക ഭക്ഷണ മേഖലകളിലെ സംരംഭകർക്കായി മികച്ച രീതിയിലുള്ള സംസ്ഥാനതല പ്ലാറ്റ്ഫോം സൃഷ്ടിക്കുക, സംരംഭകർക്ക് പൊതു പദ്ധതികളിലേക്കുള്ള പ്രവേശനം സുഗമമാക്കുക , നവോധൻ, കേരതുടങ്ങിയ പദ്ധതികൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളത്തിന്റെ കാർഷിക മേഖലയിൽ സുസ്ഥിര വളർച്ചയും നവീകരണവും പ്രോത്സാഹിപ്പിക്കാൻ ഉച്ചകോടി ലക്ഷ്യമിടുന്നു.

എറണാകുളം പ്രസ് ക്ലബ്ബിൽ ചേർന്ന പത്രസമ്മേളനത്തിൽ രാജാസേതുനാഥ് (ചെയർമാൻ, അസോസിയേറ്റഡ് ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ), പ്രൊഫ. വി പത്മാനന്ദ് (പാർട്ണർ ഗ്രാന്റ് തോൺടൺ ഭാരത്), ഉമാ എസ് നായർ, (റീജിയണൽ ഡയറക്ടർ, അസോസിയേറ്റഡ് ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ), ബിന്ദു സി പി (ജെഡിഎ, ഡയറക്ടറേറ്റ്, കൃഷിവകുപ്പ്) എന്നിവർ പങ്കെടുത്തു.

# 50 ലക്ഷം രൂപയുടെ ജാക്പോട്ട് സീസൺ 3 പ്രഖ്യാപിച്ച് അസറ്റ് ഹോംസ്




**കൊച്ചി:** പുതുവർഷാഘോഷങ്ങളുടെ ഭാഗമായി അസറ്റ് ഹോംസ് അസറ്റ് ജാക്പോട്ട് പദ്ധതിയുടെ സീസൺ 3 പ്രഖ്യാപിച്ചു. ഇതനുസരിച്ച് 2025 ജനുവരി 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ അസറ്റ് ഹോംസ് പദ്ധതികളിൽ പാർപ്പിടങ്ങൾ ബുക്കു ചെയ്യുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് അതേ ബുക്കിംഗിൽ 50 ലക്ഷം രൂപ ഇളവു നൽകുന്നതാണ് അസറ്റ് ജാക്പോട്ട് ഓഫറെന്ന് അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി. അറിയിച്ചു. ആദ്യ രണ്ടു സീസണുകളിൽ ലഭിച്ച മികച്ച പ്രതികരണത്തെത്തുടർന്നാണ് പുതിയ സീസൺ പ്രഖ്യാപനം.

നിലവിൽ കേരളത്തിലെ 9 ജില്ലകളിലായി നിർമ്മാണത്തിൻറെ വിവിധ ഘട്ടങ്ങളിലുള്ള 32 പ്രീമിയം പാർപ്പിട പദ്ധതികളിൽ ബുക്കു ചെയ്യുന്നവർക്കാണ് അസറ്റ് ജാക്പോട്ട് ഓഫർ ബാധകമാവുക. 2025 ജൂൺ 5ന് നടക്കുന്ന നറുക്കെടുപ്പിലൂടെയാണ് വിജയിയെ തെരഞ്ഞെടുക്കുക. പർച്ചേസ്, ബുക്കിംഗ് തീരുമാനങ്ങൾ വേഗത്തിലാക്കുന്നതിലൂടെ സംസ്ഥാനത്തെ റിയൽ എസ്റ്റേറ്റ് മേഖലയ്ക്ക് പുത്തനുണർവ് നൽകാൻ ജാക്പോട്ട് സീസൺ 3 സഹായിക്കുമെന്നാണ് പ്രതീക്ഷയെന്നും സുനിൽ കുമാർ പറഞ്ഞു. 82 പദ്ധതികളാണ് ഇതുവരെ നിർമാണം പൂർത്തിയാക്കി ഉടമകൾക്ക് കൈമാറിയത്. ഗുണനിലവാരത്തിനൊപ്പം സമയബന്ധിത നിർമാണവും ചേർന്നതാണ് അസറ്റ് ഹോംസിന്റെ പ്രതിബദ്ധതയെന്നും സുനിൽ കുമാർ പറഞ്ഞു. വിവരങ്ങൾക്ക് assethomes.in

# ഐഫോൺ കയറ്റുമതിയിൽ ഇന്ത്യക്ക് കുതിപ്പ്

**ന്യൂഡൽഹി:** രാജ്യത്തു നിർമിക്കുന്ന ഐഫോൺ കയറ്റുമതിയിൽ റിക്കാർഡ് നേട്ടം കരസ്ഥമാക്കി ഇന്ത്യ. കഴിഞ്ഞ വർഷം 1.08 ലക്ഷം കോടി രൂപയുടെ ഐഫോണുകളാണ് ഇന്ത്യ കയറ്റുമതി ചെയ്തത്. 2023നെ അപേക്ഷിച്ച് 42 ശതമാനത്തിലധികമാണ് വളർച്ച. ഒപ്പം ആപ്പിളിൻറെ ആഭ്യന്തര ഉത്പാദനം ഏകദേശം 46 (1.48 ലക്ഷം കോടി രൂപ) ശതമാനം ഉയരുകയും ചെയ്തു.

യുഎസ്എ, യൂറോപ്പ്, പശ്ചിമേഷ്യ എന്നിവിടങ്ങളിലേക്കാണ് രാജ്യത്തു നിർമിച്ച 65 ശതമാനം ഐഫോണുകളും കയറ്റി അയച്ചത്. കയറ്റുമതിയോടൊപ്പം ആഭ്യന്തര വിപണിയിലും ആപ്പിൾ നേട്ടം കൊയ്തു. ഇന്ത്യയിലെ വിപണിവിഹിതം രണ്ട് ശതമാനത്തിൽ നിന്ന് ആറ് ശതമാനമായി ഉയർന്നു.

ഫോക്സ്കോൺ, പെഗാട്രോൺ, ടാറ്റയുടെ ഉടമസ്ഥതയിലുള്ള വിസ്ട്രോൺ എന്നിവയാണ് അപ്പിളിനു വേണ്ടി ഐഫോൺ നിർമിക്കുന്നത്. മൊത്തം ഉത്പാദനത്തിൻറെ 68 ശതമാനവും ഫോക്സ്കോണിൻറേതാണ്. വിസ്ട്രോൺ 18 ശതമാനവും പെഗാട്രോൺ 14 ശതമാനവും ഉത്പാദിപ്പിക്കുന്നു.

# വിദേശപഠനത്തിന് അവസരമൊരുക്കി സാൽവെ മരിയ

**കൊച്ചി:** മലയാളി വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കാൻ അവസരമൊരുക്കി സാൽവെ മരിയ ഇൻറർനാഷണൽ. വിദ്യാർഥികൾക്ക് മികച്ച വിദ്യാഭ്യാസസ്ഥാപനം കണ്ടെത്താൻ സഹായിക്കുന്നതിനാണ് തങ്ങൾ പ്രാധാന്യം നൽകുന്നതെന്ന് സാൽവെ മരിയ സ്ഥാപകനും സിഇഒയുമായ ബോബി സെബാസ്റ്റ്യൻ പറഞ്ഞു.

ഐഇഎൽടിഎസ് പരിശീലനത്തിനും വിദേശ പഠനത്തിനുമുള്ള കൺസൾട്ടൻസിയുമായി 2007ൽ ആരംഭിച്ച സാൽവെ മരിയയ്ക്ക് ഐസിഇഎഫ് അംഗീകാരമുണ്ട്. കേരളത്തിലാകെ 19 ശാഖകളും ഇരുനൂറോളം ജീവനക്കാരുമുണ്ട്.

അപേക്ഷാസമർപ്പണം, സ്ഥാപനങ്ങളിലേക്കുള്ള പേമെൻറുകൾ, വീസ പ്രക്രിയകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങൾക്കും കാര്യക്ഷമമായ സംവിധാനമാണു സാൽവെ മരിയയുടേത്.

പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനായി റിസർച്ച് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. വ്യത്യസ്ത സർവകലാശാലകൾക്കും രാജ്യങ്ങൾക്കുമായി പ്രത്യേകം മേധാവികൾ ചുമതല നിർവഹിക്കുന്നു. വിവിധ അന്താരാഷ്ട്ര സർവകലാശാലകളുടെ അംഗീകൃത പങ്കാളികളാണ് സാൽവെ മരിയ.

അപേക്ഷാഫീസിൽ ഇളവ്, ഐഇഎൽടിഎസ് പരിശീലന ഫീസ് റീഇംബേഴ്സ്മെൻറുകൾ തുടങ്ങിയ നിരവധി സ്കീമുകളും സാൽവെ മരിയയിലുണ്ട്.

2025ൽ പുതിയ മാർക്കറ്റിംഗ് സ്ട്രാറ്റജിയിലൂടെ കൂടുതൽ വളർച്ച കൈവരിക്കുന്നതിൻറെ ഭാഗമായി നടന്മാരായ ജയറാം, കാളിദാസ് ജയറാം എന്നിവരെ സാൽവെ മരിയ ബ്രാൻഡ് അംബാസഡർമാരായി നിയമിച്ചതായും ബോബി സെബാസ്റ്റ്യൻ പറഞ്ഞു.

# പ്രവാസികൾക്ക് ലൈഫ് ഇൻഷുറൻസ് സേവനങ്ങളുമായി ബജാജ് അലയൻസ്

**കൊച്ചി:** പ്രവാസികൾക്ക് ലൈഫ് ഇൻഷുറൻസ് സേവനങ്ങളും ബജാജ് അലയൻസ് ലൈഫ് ലഭ്യമാക്കുന്നു. പോളിസി വിതരണം മുതൽ ക്ലെയിം തീർപ്പാക്കൽ വരെയുള്ള വിവിധ സേവനങ്ങൾ സുഗമമായി നടക്കുന്നു എന്ന് കമ്പനി ഉറപ്പാക്കുന്നത്.

യൂലിപ് പോലുള്ള മൂല്യവർധിത പദ്ധതികൾ അവതരിപ്പിക്കുന്നതും പ്രവാസികൾക്ക് ഇന്ത്യൻ വിപണിയിൽ നിക്ഷേപിക്കാനുള്ള അവസരം ലഭ്യമാക്കുന്നതിനൊപ്പം ഇൻഷുറൻസ് പരിരക്ഷയുടെ നേട്ടവും ലഭ്യമാക്കുന്നു. ബജാജ് അലയൻസിൻറെ ഡിജിറ്റൽ സംവിധാനങ്ങൾ പ്രവാസികൾക്ക് എവിടെ ഇരുന്നും സേവനങ്ങൾ തേടാനും പോളിസി കൈകാര്യം ചെയ്യാനും അവസരം ഒരുക്കുന്നുമുണ്ട്.

എൻആർഐ വിഭാഗത്തിൻറെ പ്രത്യേകമായ ആവശ്യങ്ങൾക്ക് അനുയോജ്യമായ പോളിസികൾ ലഭ്യമാക്കാൻ സാധിക്കുന്നതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് ചീഫ് ഓപ്പറേഷൻസ് & കസ്റ്റമർ എക്സ്പീരിയൻസ് ഓഫീസർ രാജേഷ് കൃഷ്ണൻ പറഞ്ഞു. ഇതോടൊപ്പം അത്യാധുനിക സംവിധാനങ്ങൾ വഴി അവർക്ക് ലോകത്ത് എവിടെ ഇരുന്നും പോളിസി കൈകാര്യം ചെയ്യാനുള്ള സൗകര്യവും തങ്ങൾ ഒരുക്കുന്നുണ്ട്. മൂല്യമേറിയ ഇൻഷുറൻസ് പദ്ധതികളും സാങ്കേതികവിദ്യാ പിൻബലത്തോടെയുള്ള സേവനങ്ങളും തങ്ങളുടെ എൻആർഐ ഉപഭോക്താക്കൾക്ക് സുഗമമായ സേവനങ്ങൾ ഉറപ്പാക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# മൽസ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന ശബ്ദസന്ദേശ സേവനത്തിന് തുടക്കം

**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റിന്റെയും റിലയൻസ് ഫൗണ്ടേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മൽസ്യത്തൊഴിലാളികൾക്കായുള്ള ശബ്ദരേഖ സന്ദേശത്തിന്റെ സർവീസ് ആരംഭിച്ചു. ശബ്ദരേഖ സന്ദേശത്തിന്റെ ഉദ്ഘാടനം സിഫ്റ്റ് ഡയറക്ടർ ഡോ.ജോർജ്ജ് നൈനാൻ ഇന്ന് നിർവഹിച്ചു. കടൽ സുരക്ഷ, ബോട്ട് സുരക്ഷ, മൽസ്യ ശുചിത്വം, മത്സ്യ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയെ കുറിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കാനാണ് ഈ സേവനം ലക്ഷ്യമിടുന്നത്.



സിഫ്റ്റിലെ ശാസ്ത്രജ്ഞന്മാരുടെ സഹായത്തോടെ ഈ വിവരങ്ങൾ റിലയൻസ് ഫൗണ്ടേഷൻ വോയിസ് കാൾ വഴി സൗജന്യമായി മത്സ്യത്തൊഴിലാളികൾക്ക് നൽകും. സിഫ്റ്റിലെ എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഏകോപിപ്പിക്കുന്ന പരിപാടി മത്സ്യത്തൊഴിലാളി സമൂഹത്തിന് സമയബന്ധിതവും വിശ്വസനീയവുമായ അപ്ഡേറ്റുകൾ ഉറപ്പാക്കുന്നു. കേരളത്തിലെ ആറ് തീരദേശ ജില്ലകളിലെ അറുപതിനായിരത്തോളം മൽസ്യത്തൊഴിലാളികൾക്ക് ഈ സേവനം ലഭ്യമാകുമെന്ന് റിലയൻസ് ഫൗണ്ടേഷൻ ക്ലസ്റ്റർ മാനേജർ നഫാസ് കെ നാസർ വിശദീകരിച്ചു.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അവരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുമുള്ള അവശ്യമായുള്ള അറിവുകൾ പങ്കുവെക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണ് ഈ സംരംഭം.

# വി ഉപഭോക്താക്കൾക്ക് മഹാ കുംഭമേളയുടെ തൽസമയ പ്രക്ഷേപണം ലഭ്യമാകും

**കൊച്ചി:** മഹാ കുംഭ മേളയുടെ തൽസമയ പ്രക്ഷേപണം വി ഉപഭോക്താക്കൾക്കു ലഭ്യമാക്കും. സ്നാനം, പ്രദക്ഷണം, ഗംഗാ ആരതി തുടങ്ങിയവ പ്രയാഗ്രാജിൽ നിന്ന് വി മൂവീസ് ആൻറ് ടിവി ആപ്പിലൂടെയോ വി ആപ്പിലൂടെയോ നേരിട്ടു വീക്ഷിക്കാം. വി മൂവീസ് ആൻറ് ടിവി വഴി ഇവയുടെ ലൈവ് സ്ട്രീമിങിനായി മുൻനിര ടെലകോം സേവനദാതാക്കളായ വിയും ഷീമാരൂവും പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ജനുവരി 14ലെ മകര സംക്രാന്തി, ജനുവരി 29ലെ മൗനി അമാവാസ്യ, ഫെബ്രുവരി 26ലെ മഹാ ശിവരാത്രി എന്നീ ദിവസങ്ങളിലെ ഷാഹി സ്നാനം വി ഉപഭോക്താക്കൾക്ക് വീക്ഷിക്കാനാവും. ഇതിനു പുറമെ പ്രത്യേകമായ റെക്കോർഡഡ് ഉള്ളടക്കവും സാംസ്ക്കാരിക പരിപാടികളും ഉണ്ടാകും.

ഉപഭോക്താക്കൾക്ക് അതുല്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യാനായി വി ഇന്ത്യയിലൊട്ടാകെ തങ്ങളുടെ 4 ജി ശൃംഖല ഗണ്യമായി വികസിപ്പിച്ചിട്ടുണ്ട്. 46,000 പുതിയ സൈറ്റുകൾ കൂട്ടിച്ചേർക്കുകകയും 58,000ത്തിൽ ഏറെ സൈറ്റുകളുടെ ശേഷി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

# ഇന്ത്യയെ ആഗോള ഉൽപ്പാദന കേന്ദ്രമാക്കിയാൽ മാത്രമേ വികസിത രാഷ്ട്രം യാഥാർഥ്യമാക്കാൻ കഴിയു: ശശി തരൂർ

**കൊച്ചി :** ഇന്ത്യയെ ഒരു ആഗോള ഉൽപ്പാദന കേന്ദ്രമാക്കിയാൽ മാത്രമേ ഒരു വികസിത രാഷ്ട്രമെന്ന ഇന്ത്യയുടെ എക്കാലത്തെയും വലിയ സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുകയുള്ളുവെന്ന് ശശി തരൂർ അഭിപ്രായപ്പെട്ടു. കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി സംഘടിപ്പിച്ച ഇന്ത്യ ഫോർവേഡ് ടോക്ക് സീരീസിൽ സംസാരിക്കുകയായിരുന്നു ശശി തരൂർ. ഉൽപ്പാദനത്തിലും നവീകരണത്തിലും ലോകത്തെ നയിക്കാൻ കഴിയുന്ന അപാരമായ സാധ്യതകൾ ഇന്ത്യക്ക് ഉണ്ട്. എന്നാൽ, ഇതിനൊക്കെ തടയിടുന്ന തരത്തിലുള്ള വ്യവസ്ഥാപരമായ വെല്ലുവിളികളാണ് രാജ്യത്തുള്ളത്. അതിനെ മറികടന്നാൽ മാത്രമേ ഇന്ത്യ എക്കാലവും സ്വപനം കണ്ടു കൊണ്ടിരുന്ന വികസിത രാജ്യമെന്ന സ്വപ്നത്തിലേക്ക് നമുക്ക് എത്താൻ കഴിയുകയുള്ളൂവെന്നും തരൂർ പറഞ്ഞു.




ഒരു ആഗോള ഉൽപ്പാദന കേന്ദ്രമായി ഉയർന്നുവരാനുള്ള കഴിവും, കാഴ്ചപ്പാടും, ശേഷിയും ഇന്ത്യയ്ക്കുണ്ട്. ആഗോള വിതരണ ശൃംഖലകൾ ചൈനക്ക് പകരമായി ഉല്പാദന കേന്ദ്രങ്ങൾ തിരയുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. എന്നിരുന്നാലും, കർശനമായ തൊഴിൽ നിയമങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, നൈപുണ്യ വികസനത്തിന്റെ അപര്യാപ്തത എന്നിവ ഈ മേഖലയുടെ വളർച്ചയെ തടസ്സപ്പെടുത്തിയിട്ടുണ്ടെന്നും ഇത് വിയറ്റ്നാം, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾക്ക് ഈ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ പ്രാപ്തമാക്കുമെന്നും തരൂർ അഭിപ്രായപ്പെട്ടു.

പല വെല്ലുവിളികൾക്കിടയിലും, സാമ്പത്തിക നവീകരണത്തിനും സുസ്ഥിര വികസനത്തിനും കേരളം രാജ്യത്തിന് ഒരു മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു. വളർന്നുവരുന്ന സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തിയ സംസ്ഥാനത്തിന്റെ സംരംഭകത്വ മനോഭാവത്തെയും തന്ത്രപരമായ സംരംഭങ്ങളെയും തരൂർ പ്രശംസിച്ചു.

ശക്തമായ അടിത്തറയും ദീർഘവീക്ഷണമുള്ള സാമ്പത്തിക നയങ്ങളുമുള്ള കേരളം, സ്റ്റാർട്ടപ്പുകളുടെ ചലനാത്മക കേന്ദ്രമായി ഉയർന്നുവന്നിട്ടുണ്ട്. ഈ ആവാസവ്യവസ്ഥ കേരളത്തെ ഇന്ത്യയുടെ സാമ്പത്തിക പരിവർത്തനത്തിൽ ഒരു പ്രധാന പങ്കാളിയായി സ്ഥാനപ്പെടുത്തിയിരിക്കുന്നതായും ശശി തരൂർ പറഞ്ഞു. .

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജോലി സമയം വർദ്ധിപ്പിക്കലല്ല വേണ്ടത് മറിച്ച് ഡെന്മാർക്കിലേതു പോലെ തൊഴിലിടങ്ങളിലെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുകയാണ് വേണ്ടതെന്ന് ശശി തരൂർ പറഞ്ഞു.

ഇന്ത്യ ഇക്കാലമത്രെയും നേടിയ സാമ്പത്തിക വളർച്ചയിൽ മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയാത്തത് ഒരു വിരോധാഭാസമാണ്. ഇന്ത്യയിലെ തൊഴിൽ ശക്തിയുടെ ഏകദേശം 40% ഇപ്പോഴും കാർഷിക മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു.

കാലാവസ്ഥാ വ്യതിയാനം ഏറ്റവും പരുക്കൻ ഭാവത്തിൽ മോശമാക്കികൊണ്ടിരിക്കുന്ന ഒരു തൊഴിൽ മേഖലാണ് കാർഷികവൃത്തി.

ഇന്ത്യയിൽ 20% മാത്രമേ നിർമ്മാണ മേഖലയിലോ ഐടി പോലുള്ള ബിസിനസ് സേവനങ്ങളിലോ നിലവിൽ ജോലി ചെയ്യുന്നുള്ളൂ.







# 100 തെങ്ങുകയറ്റ തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ നൽകി

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് നടന്ന നാളികേര വികസന ബോർഡിന്റെ 45മത് സ്ഥാപക ദിനാഘോഷത്തിന്റെ ഭാഗമായി 100 ഓളം തെങ്ങുകയറ്റ തൊഴിലാളികൾക്ക് കേര സുരക്ഷ ഇൻഷുറൻസ് പദ്ധതിയിൻ കീഴിൽ പരിരക്ഷ ലഭ്യമാക്കി. സ്ഥാപക ദിനാഘോഷ ചടങ്ങിൽ എറണാകുളം എം എൽഎ ടി. ജെ. വിനോദ് ബോർഡിനു വേണ്ടി തെങ്ങുകയറ്റ തൊഴിലാളികളിൽ നിന്ന് ആപ്ലിക്കേഷൻ ഫോമുകൾ സ്വീകരിച്ചു.

കേര സുരക്ഷാ ഇൻഷുറൻസ് ലഭിച്ചിട്ടുള്ള തെങ്ങുകയറ്റ തൊഴിലാളിയായ ശ്രീ. ജിന്റോ ജോസ് തന്റെ അനുഭവവും തദവസരത്തിൽ പറഞ്ഞു. തെങ്ങിൽ നിന്ന് വീണ് പരിക്കുപറ്റി തെഴിൽ ചെയ്യാൻ സാധിക്കാതെയായപ്പോൾ നാളികേര വികസന ബോർഡിൽ നിന്നും ലഭിച്ച ഇൻഷുറൻസ് തുകയാണ് തന്റെ കുടുംബത്തെ താങ്ങി നിർത്തിയതെന്നും അതിനാൽ എല്ലാ തെങ്ങിന്റെ ചങ്ങാതിമാരും തങ്ങളുടേയും കുടുംബത്തിന്റേയും സാമ്പത്തിക സുരക്ഷയ്ക്കായി കേര സുരക്ഷാ ഇൻഷുറൻസ് പരിരക്ഷ നേടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നാളികേര വികസന ബോർഡിന്റെ കേര സുരക്ഷാ ഇൻഷുറൻസ് പദ്ധതി തെങ്ങുകയറ്റ തൊഴിലാളികൾക്കും, നീര ടെക്നീഷ്യൻമാർക്കും പരമാവധി ഏഴ് ലക്ഷം രൂപ വരെ അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ അഞ്ച് ലക്ഷം രൂപയാണ് ഇൻഷുറൻസ് പരിരക്ഷയായി നൽകിയിരുന്നത്. രണ്ട് ലക്ഷം രൂപ വരെ ചികിത്സാ ചിലവുകൾക്കുള്ള ധനസഹായമായും ലഭിക്കും. 18 നും 65 നും ഇടയിൽ പ്രായമുള്ള തെങ്ങുകയറ്റ തൊഴിലാളികൾക്കും, നീര ടെക്നീഷ്യൻമാർക്കും ഒരു വർഷത്തേക്ക് ഗുണഭോക്തൃ വിഹിതമായ 239/- രൂപ വാർഷിക പ്രീമിയമായടച്ച് ഇൻഷുറൻസ് പരിരക്ഷ നേടാവുന്നതാണ്. നാളികേര വികസന ബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം ആദ്യ വർഷം ഇൻഷുറൻസ് പരിരക്ഷ സൗജന്യമായി ലഭിക്കുന്നതാണ്.

# ഇൻഫോസിസ് സയൻസ് ഫൗണ്ടേഷൻ 2024ലെ ഇൻഫോസിസ് സമ്മാനം വിതരണം ചെയ്തു

**കൊച്ചി** : മലയാളിയായ മഹ്മൂദ് കൂരിയ ഉൾപ്പെടെയുള്ള വിജയികൾക്ക് 2024ലെ ഇൻഫോസിസ് സയൻസ് ഫൗണ്ടേഷൻ പുരസ്കാരം സമ്മാനിച്ചു. ബെംഗളൂരുവിൽ നടന്ന ചടങ്ങിൽ പ്രഫ. പീറ്റർ സർനാക്ക്, പ്രൊഫസർ ഗോപാൽ പ്രസാദ്, പ്രൊഫസർ യൂജിൻ ഹിഗ്ഗിൻസ് എന്നിവർ പുരസ്കാര ജേതാക്കൾക്ക് സ്വർണ്ണ മെഡലും പ്രശസ്തി പത്രവും 100,000 ഡോളർ സമ്മാനവും നൽകി. സാമ്പത്തിക ശാസ്ത്രം , എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്, ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ്, ലൈഫ് സയൻസസ്, മാത്തമാറ്റിക്കൽ സയൻസസ്, ഫിസിക്കൽ സയൻസസ് എന്നീ ആറ് വിഭാഗങ്ങളിലെ മികച്ച സംഭാവനകൾ പരിഗണിച്ചാണ് വിജയികൾക്ക് സമ്മാനം നൽകിയത്.

കേരളത്തെ കേന്ദ്രീകരിച്ചുകൊണ്ട്, ആധുനിക പൂർവ കാലഘട്ടത്തിലെയും ആധുനിക പ്രാരംഭ കാലഘട്ടത്തിലെയും മാരിടൈം ഇസ്ലാമിനെകുറിച്ചുള്ള പഠനത്തിന് നൽകിയ സമഗ്രവും സുപ്രധാനവുമായ സംഭാവനകൾ പരിഗണിച്ചാണ് ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ് പുരസ്ക്കാരം മലയാളിയായ മഹ്മൂദ് കൂരിയയ്ക്കു ലഭിച്ചത്. എഡിൻബർഗ് സർവകലാശാലയിലെ ഹിസ്റ്ററി, ക്ലാസിക്, ആർക്കിയോളജി സ്കൂൾ ലക്ചറാണ് മഹ്മൂദ് കൂരിയ.

സാമ്പത്തികശാസ്ത്ര പുരസ്കാരംപ്രൊഫസർ അരുൺ ചന്ദ്രശേഖർ,എഞ്ചിനീയറിംഗ് ആൻഡ് കമ്പ്യൂട്ടർ സയൻസ് പുരസ്കാരംപ്രൊഫസർ ശ്യാം ഗൊല്ലകോട്ട,ലൈഫ് സയൻസസ് പുരസ്കാരംപ്രൊഫസർ സിദ്ധേഷ് കാമത്ത്, മാത്തമറ്റിക്കൽ സയൻസസ് പുരസ്കാരംപ്രൊഫസർ നീന ഗുപ്ത, ഫിസിക്കൽ സയൻസസ് പുരസ്കാരംവേദിക ഖേമാനി എന്നിവരാണ് മറ്റ് വിജയികൾ.

# യുടിഐ മിഡ് ക്യാപ് ഫണ്ട് 11,990 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ മിഡ് ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ 11,990 കോടി രൂപ കടന്നതായി 2024 ഡിസംബർ 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഫണ്ടിൻറെ ഏകദേശം 69 ശതമാനം മിഡ് ക്യാപ് ഓഹരികളിലും, 24 ശതമാനം സ്മോൾ ക്യാപ് ഓഹരികളിലും ബാക്കിയുള്ളത് ലാർജ് ക്യാപ് ഓഹരികളിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

ഏപ്രിൽ 7, 2004 ലാണ് ഈ പദ്ധതി ആരംഭിച്ചത്. പ്രധാനമായും മിഡ് ക്യാപ് കമ്പനികളിൽ നിക്ഷേപിക്കുന്ന ഒരു പോർട്ട്ഫോളിയോ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് അനുയോജ്യമായതാണ് യുടിഐ മിഡ് ക്യാപ് ഫണ്ട്.



# പ്രവാസി കോൺക്ലേവിൽ ലെജന്റ് പുരസ്ക്കാരങ്ങൾ സമ്മാനിച്ചു

**കൊച്ചി:** ശരീരംകൊണ്ട് പുറത്താണെങ്കിലും മനസ്സുകൊണ്ട് തന്റെ ജന്മദേശത്താണ് പ്രവാസികളുള്ളതെന്ന് സുപ്രിം കോടതി മുൻ ചീഫ് ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു. മറൈൻഡ്രൈവ് ക്ലാസിക് ഇംപീരിയൽ ക്രൂയിസിൽ നടത്തിയ പ്രവാസി കോൺക്ലേവിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു. അദ്ദേഹം.

കൂട്ടിക്കുഴക്കലും കൂട്ടിക്കുറക്കലുമുണ്ടാകുമ്പോഴാണ് കൂട്ടായ്മയിൽ പ്രശ്നങ്ങളുണ്ടാകുന്നത്. കൂട്ടിച്ചേർക്കുന്ന കൂട്ടായ്മകളാണ് നമുക്ക് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. പ്രവാസികൾക്ക് വോട്ട് ചെയ്യാനുള്ള അധികാരം ലഭിച്ചിട്ടില്ലെങ്കിലും സമൂഹത്തിൽ വോട്ടുണ്ടാക്കാൻ പ്രവാസികൾക്ക് സ്വാധീനം ചെലുത്താൻ കഴിയും. വിദേശത്തുള്ളവർക്ക് വോട്ട് ലഭ്യമാക്കണമെങ്കിൽ അതിന് രാഷ്ട്രീയ തീരുമാനമാണ് ആവശ്യമെന്നും അദ്ദേഹം വ്യക്തമാക്കി.കറ തീർന്ന രാഷ്ട്രീയ പ്രസ്ഥാനം എന്നൊന്ന് നിലവിലില്ലെന്നും കറ കുറഞ്ഞ രാഷ്ട്രീയ പ്രസ്ഥാനമെന്നേ പറയാൻ കഴിയുകയുള്ളുവെന്നും ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു. രാജ്യത്തെ നാല് നെടുംതൂണുകളുടേയും വിശ്വാസ്യതയിൽ കുറവുണ്ടായെന്നും സത്യവും നീതിയും തീരെ കുറഞ്ഞെന്നും അദ്ദേഹം വ്യക്തമാക്കി. അഞ്ചാമത്തെ തൂണെന്ന് വിശേഷിപ്പിക്കാവുന്ന സിവിൽ സൊസൈറ്റി നീക്കങ്ങളിലാണ് തനിക്ക് പ്രതീക്ഷയുള്ളതെങ്കിലും അതുപോലും ഇപ്പോൾ ദയനീയ അവസ്ഥയിലാണെന്നും അദ്ദേഹം പറഞ്ഞു.

ആളുകൾ ഒരു നന്മ ചെയ്യുമ്പോൾ ആര് ചെയ്തു എന്നല്ല എന്താണ് ചെയ്തതിനാണ് പ്രാധാന്യം കൽപ്പിക്കേണ്ടത്. നമ്മെ നാമാക്കിയ നാടിന് തിരിച്ചു കൊടുക്കാനാവുന്ന നന്മകൾ നിർവഹിക്കണമെന്നും ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു.

ഇന്ത്യയിൽ നിലവിലുള്ള എല്ലാ നിയമങ്ങളും പ്രവാസികൾക്കും കൂടിയുള്ളതാണെന്നും അവ ഉപയോഗിക്കാൻ പ്രവാസികൾ തയ്യാറാകണമെന്നും ലെജന്റ് പുരസ്ക്കാരം സ്വീകരിച്ച് ആർ ശ്രീകണ്ഠൻ നായർ പറഞ്ഞു. ചവിട്ടി നിൽക്കാൻ അധികാരമുള്ള മണ്ണിൽ പോരാടാൻ തയ്യാറായാൽ അവകാശങ്ങൾ ലഭ്യമാകുമെന്നും ശ്രീധരൻ നായർ പറഞ്ഞു. ചെറുത്തു നിൽക്കാൻ ഒരാൾ ഇറങ്ങിപ്പുറപ്പെട്ടാൽ അയാളെ പൂട്ടാനാവില്ലെന്നും ശ്രീകണ്ഠൻ നായർ വ്യക്തമാക്കി.

പോൾ കറുകപ്പള്ളി അധ്യക്ഷത വഹിച്ചു. എം എൽ എമാരായ ടി ജെ വിനോദ്, അഡ്വ. മോൻസ് ജോസഫ്, റോജി എം ജോൺ, വേണു രാജാമണി, കെ ഫ്രാൻസിസ് ജോർജ്, ഗോപിനാഥ് മുതുകാട്, അലക്സ് വിളനിലം കോശി എന്നിവർ പ്രസംഗിച്ചു.

ഡോ. ടെസ്സി തോമസ്, ഡോ. ഇന്ദിര രാജൻ, ആർ ശ്രീകണ്ഠൻ നായർ, ആന്റണി പ്രിൻസ്, ഡോ. സണ്ണി ലൂക്ക്, വയലാർ രവി, പ്രവാസി ബന്ധു ഡോ. എസ് അഹമ്മദ് എന്നിവരെ ലെജന്ററി പുരസ്ക്കാരം നൽകി ആദരിച്ചു.

